# ദി ഡിഫെൻഡർ

Vol. No. 11 Issue No. 23 RNI Reg. No. 68089 / 97 Published From Perumbavoor 2008 December 1 Price: Rs.100/- P.A.


# കെ.സി.ജോണും ടി.ജെ.ശമുവലും റാലിയുമായി വീണ്ടും രംഗത്ത്

ഏപ്രിൽ രണ്ടിന് തിരുവനന്തപുരത്ത് റാലി നടത്താൻ കെ.സി.ജോണും ടി.ജെ.ശാമുവലും പദ്ധതിയിടുന്നു. ഡിസംബർ 22ന് റാലി നടത്താനുള്ള പദ്ധതി ചീറ്റിയതോടെയാണ് ഈ പുതിയ പദ്ധതിയുമായി ഇവർ രംഗത്തുവന്നിരിക്കുന്നത്.

കേരളത്തിലെ പെന്തക്കോസ്തുകാരുടെ നേതാവാണ് കെ.സി.ജോൺ എന്നു വരുത്തിത്തീർക്കുകയാണ് കെ.സി.ജോണിന്റെ ലക്ഷ്യം. അതിലൂടെ സ്ഥാനമാനങ്ങൾ നേടിയെടുക്കാനാവും. അതോടൊപ്പം ടി.എസ്. കുടുംബത്തിന്റെ ആധിപത്യം ഇല്ലാതാക്കാനും കഴിയും.

എന്നാൽ ടി.ജെ.ശാമുവലിന്റെ ലക്ഷ്യം മറ്റൊന്നാണ്. 2020 ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമായി മാറുമെന്നും ഇന്ത്യ ഭരിക്കുന്നത് ക്രിസ്ത്യാനികളായിരിക്കുമെന്നും ഇയാൾ എട്ടു വർഷം മുമ്പ് ഒരു കള്ളപ്രവചനം നടത്തിയിട്ടുണ്ട്. അത് ശരിയായ പ്രവചനമാണെന്ന് തെളിയിക്കണമെങ്കിൽ ഒന്നോ രണ്ടോ പെന്തക്കോസ്തുകാരെങ്കിലും എം.എൽ.എയോ എം.പി.യോ ആകണം. തിരുവനന്തപുരത്ത് ഒരു ശക്തിപ്രകടനം നടത്തിയാൽ ഏതേലും മുന്നണി ഭാവിയിൽ ഒന്നോ രണ്ടോ സീറ്റ് പെന്തക്കോസ്തുകാരനു കൊടുത്തേക്കാം. തന്റെ പ്രവചനം നിറവേറുന്നു എന്നതിന്റെ തെളിവായി ഇത് ചൂണ്ടിക്കാണിച്ച് ഞെളിയാം.





ഈ പരിപാടിയുടെ നേതൃസ്ഥാനത്തുള്ള മറ്റൊരു ചങ്ങാതി ഒ.എം.രാജുക്കുട്ടിയാണ്. ആകെ നാണം കെട്ട് അടിപതറി നിൽക്കയാണ് ഈ വിദ്വാൻ. താനും ഒരു പെന്തക്കോസ്ത് നേതാവാണ് എന്ന് വരുത്തിതീർക്കാൻ ഇയാളും ഇവരോടൊപ്പം കൂടുകയായിരുന്നു.

ന്യു ഇന്ത്യാ ബൈബിൾ ചർച്ചിലെ സംബഡി-നോബഡി ആയ തോമസ് ഫിലിപ്പാണ് മറ്റൊരു നേതാവ്. ഇയാൾ പറഞ്ഞാൽ അനുസരിക്കുന്ന നൂറുപേരെങ്കിലും ആ സഭയിലുണ്ടോ എന്ന് ഗവേഷണം ചെയ്യേണ്ടതാണ്. ആര് എന്തു മീറ്റിങ്ങിനു വിളിച്ചാലും ഈ മൃതദേഹം കൃത്യമായി എത്തും. താനും ഒരു നേതാവാണ് എന്ന് വരുത്തിത്തീർക്കാൻ ഇതല്ലാതെ മാർഗ്ഗമില്ല. ചർച്ച് ഓഫ് ഗോഡിന്റെ കാര്യം പ്രത്യേകം പറയുന്നതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

ഏപ്രിൽ ആരംഭത്തിൽ ഈ റാലി സംഘടിപ്പിക്കാൻ കാരണമെന്ത്? പാർലമെന്റ് തെരഞ്ഞെടുപ്പ് ഏപ്രിൽ-മെയ് മാസങ്ങളിൽ നടക്കാനാണ് സാധ്യത. അതിനു മുമ്പ് ഇത്തരം ഒരു റാലി നടത്തി പെന്തക്കോസ്തുകാരുടെ ശക്തി തെളിയിച്ചാൽ ഇരു മുന്നണികളിൽ നിന്നും കെ.സി.ജോണിന് നേട്ടങ്ങളുണ്ടാക്കാം. പെന്തക്കോസ്തു വോട്ടുകൾക്കായി സ്ഥാനാർത്ഥികൾ കെ.സി.ജോണിന്റെ പടിക്കൽ കാവൽ കിടക്കും. ഇതൊക്കെയാണ് ഈ ശുനകന്മാരുടെ ഹിഡൻ അജൻഡ.

പണ്ട് അഹരോൻ ജനത്തെ കെട്ടഴിച്ചു വിട്ടു. ദുരാത്മാവ് ബാധിച്ച ഈ പെന്തക്കോസ്ത് നേതാക്കൻമാർ ഇപ്പോൾ ദൈവമക്കളെ സ്വന്ത ലാഭത്തിനായി തെരുവിലിറക്കുകയാണ്. ഈ നേതാക്കൻമാർ ദൈവദാസന്മാരാണ് എന്നു തെറ്റിദ്ധരിച്ച് പാവങ്ങളായ വിശ്വാസികൾ ഇവർ പറയുന്നതൊക്കെ അനുസരിക്കുന്നു. ഈ തുമ്പുകെട്ട ഇടയന്മാർ ദൈവജനത്തെ രാഷ്ട്രീയക്കാരുടെ തൊഴുത്തിൽ കൊണ്ടുചെന്നു കെട്ടും.

# ചർച്ച് ഓഫ് ഗോഡ് നിലപാട് വ്യക്തമാക്കണം

റാലി നടത്താൻ തീരുമാനമെടുത്ത പെന്തക്കോസ്തു നേതാക്കന്മാരുടെ കൂട്ടത്തിൽ ചർച്ച് ഓഫ് ഗോഡിന്റെ അസിസ്റ്റന്റ് ഓവർസിയറും ഉണ്ടായിരുന്നു എന്ന വാർത്ത ഡിഫെൻഡറിനെ അത്ഭുതപ്പെടുത്തി. ഇത്തരം കുണ്ടാമണ്ടികൾക്ക് ചർച്ച് ഓഫ് ഗോഡ് പോകുമെന്ന് ഡിഫെൻഡർ കരുതിയില്ല.

ചർച്ച് ഓഫ് ഗോഡിന്റെ ഓവർസിയറായ പാസ്റ്റർ എം.കുഞ്ഞപ്പി വിദേശ പര്യടനത്തിലാണെന്ന് അറിയാൻ കഴിഞ്ഞു. അതുകൊണ്ട് കിട്ടിയ അവസരം മുതലാക്കി അസിസ്റ്റന്റ് ഓവർസിയർ നേതാവു കളിച്ചതാണെന്നു തോന്നുന്നു. അസിസ്റ്റന്റ് ഓവർസിയറായി അധികാരമേറ്റിട്ട് ആഴ്ചകൾ പലതായെങ്കിലും അധികാരം വിനിയോഗിക്കാൻ നാളിതുവരെ അവസരം കിട്ടിയിരുന്നില്ല. അങ്ങനെ ഇരിക്കുമ്പോഴാണ് കെ.സി.ജോണിന്റെ വിളി വന്നത്. ഉടൻ ചാടി പുറപ്പെട്ടു. താനാണ് ചർച്ച് ഓഫ് ഗോഡ് എന്ന ഭാവത്തിൽ ഞെളിഞ്ഞിരുന്ന് മീറ്റിങ്ങിൽ പങ്കെടുത്തു. കെ.സി. ജോൺ പറഞ്ഞതിനെല്ലാം ആമേൻ പറഞ്ഞിട്ട് ഈ ശുംഭൻ മടങ്ങിപ്പോന്നു.

ചർച്ച് ഓഫ് ഗോഡിന് പുതിയ നേതൃത്വമുണ്ടായിട്ട് ഏതാനും മാസങ്ങളെ ആയുള്ളൂ. പുതിയ നേതൃത്വത്തിന്റെ നിലപാടുകൾ എന്ത് എന്ന് ഡിഫെൻഡർ നിരീക്ഷിച്ചു വരികയാണ്. അതുകൊണ്ടാണ് ചില മാസങ്ങളായി ഡിഫെൻഡർ ചർച്ച് ഓഫ് ഗോഡിനെതിരെ ഏറെയൊന്നും എഴുതാതിരുന്നത്. ശരിയായ ദിശയിലാണ് ചർച്ച് ഓഫ് ഗോഡ് പോകുന്നതെങ്കിൽ വിമർശിക്കേണ്ട ആവശ്യമില്ലല്ലോ.

ന്യൂ ജനറേഷൻ സഭകളുമായുള്ള ബന്ധത്തിന്റെ കാര്യത്തിൽ ചർച്ച് ഓഫ് ഗോഡ് സ്വീകരിച്ച നിലപാട് തികച്ചും വചനാനുസൃതമായിരുന്നു. ന്യൂ ജനറേഷൻ സഭകളുമായി സഹകരിക്കണം എന്ന് കെ.സി.ജോൺ പറഞ്ഞപ്പോൾ പാസ്റ്റർ എം.കുഞ്ഞപ്പി ചർച്ച് ഓഫ് ഗോഡിന്റെ നയം വ്യക്തമാക്കി. ചർച്ച് ഓഫ് ഗോഡിന്റെ ഉപദേശങ്ങളുമായി പൊരുത്തപ്പെടുന്ന സഭകളുമായി മാത്രമേ തങ്ങൾ സഹകരിക്കൂ എന്ന് അദ്ദേഹം തുറന്നടിച്ചു. ഈ ധീരമായ നിലപാട് അഭിനന്ദനാർഹം തന്നെ.

ഇനി അറിയേണ്ടത് റാലി വിഷയത്തിൽ ചർച്ച് ഓഫ് ഗോഡ് എന്തു നിലപാട് സ്വീകരിക്കും എന്നാണ്. കെ.സി.ജോൺ, ടി.ജെ. ശാമുവൽ തുടങ്ങിയ ശുനകന്മാരുമായി കൈകോർക്കാനാണ് പാസ്റ്റർ എം.കുഞ്ഞപ്പി തീരുമാനിക്കുന്നതെങ്കിൽ ഡിഫെൻഡറിന് ജോലിയായി. അശുദ്ധനെ തൊട്ടവനൊക്കേയും അശുദ്ധൻ എന്നു ദൈവവചനം പറയുന്നു. കെ.സി. ജോണിനേപ്പോലുള്ളവരെ ചുമന്നാൽ കുഞ്ഞപ്പിയും നാറും.

ചർച്ച് ഓഫ് ഗോഡിൽ നിന്നു ചില കാര്യങ്ങൾ ഔദ്യോഗികമായി അറിയാൻ ഡിഫെൻഡറിന് താത്പര്യമുണ്ട്.

1. അസിസ്റ്റന്റ് ഓവർസിയർ കെ.സി.ജോണിന്റെ ആലോചനായോഗത്തിൽ പങ്കെടുത്തത് ചർച്ച് ഓഫ് ഗോഡിന്റെ ഔദ്യോഗിക തീരുമാനം അനുസരിച്ചാണോ?
2. ഏപ്രിൽ രണ്ടിന് നടക്കാൻ പോകുന്ന റാലിയുമായി ചർച്ച് ഓഫ് ഗോഡ് സഹകരിക്കുമോ?

## പുതിയ കാർട്ടൂൺ പംക്തി ആരംഭിക്കുന്നു

ഈ ലക്കം മുതൽ പുതിയ ഒരു കാർട്ടൂൺ പംക്തി ആരംഭിക്കുന്നു. നമുക്കു പരിചിതമായ പേര്-'പകൽക്കാലം'- തെറ്റായ പദപ്രയോഗമാണെങ്കിലും കാർട്ടൂണിന്റെ സ്വഭാവം കൊണ്ട് അതു തന്നെ നൽകുകയാണ്.

### പകൽക്കാലം



റാലി ഏപ്രിൽ രണ്ടിലേക്കു മാറ്റിയെന്ന്

ഏപ്രിൽ ഒന്നായിരുന്നു ഒന്നൂടെ നല്ലത്.....

# ശാരോൻ കൺവൻഷൻ: അവറാൻ ഔട്ട്

ശാരോൻ ജനറൽ കൺവൻഷനിലെ സ്ഥിരം പ്രസംഗകനായ കെ.എ.ഏബ്രഹാമിനെ ഇത്തവണത്തെ ശാരോൻ കൺവൻഷന്റെ രാത്രിയോഗത്തിൽ പ്രസംഗിക്കാൻ അനുവദിച്ചില്ല. ശുശ്രൂഷകന്മാരുടേയും വിശ്വാസികളുടേയും ശക്തമായ എതിർപ്പിനെ തുടർന്നാണ് ശാരോൻ നേതൃത്വം കെ.എ.ഏബ്രഹാമിനെ ഒഴിവാക്കിയത്. കെ.എ.ഏബ്രഹാമിനെതിരെ പ്രധാനമായി താഴെ പറയുന്ന ആരോപണങ്ങളാണ് ഉന്നയിക്കപ്പെട്ടത്:



1. ദേശീയ പതാകയെ ദുർവ്യാഖ്യാനം ചെയ്ത് അപമാനിച്ചു. ഈ സംഭവം ടിവി ചാനലുകളിലും സെക്യുലർ പത്രങ്ങളിലും ഉൾപ്പെടെ വൻവാർത്തയായി. എല്ലാ പെന്തക്കോസ്തുകാർക്കും ഇത് അപമാനം വരുത്തിവച്ചു.
2. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്ത് കെ.എ.ഏബ്രഹാം നിരന്തരം അവഹേളിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ വചനം ഈ വിധത്തിൽ അവഹേളിക്കപ്പെടുന്നു. ഈ ദുർന്നടപടി അവസാനിപ്പിക്കണമെന്ന് നിരവധി ദൈവദാസന്മാർ ഗുണദോഷിച്ചിട്ടും തെറ്റു തിരുത്താൻ കെ.എ.ഏബ്രഹാം തയ്യാറായിട്ടില്ല.
3. കെ.എ.ഏബ്രഹാമിനെതിരെ ഡിഫെൻഡർ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടും അവ നിഷേധിക്കാനോ നിരപരാധിത്വം തെളിയിക്കാനോ ഇദ്ദേഹം തയ്യാറായിട്ടില്ല. ആരോപണങ്ങൾ നിഷേധിച്ചാൽ ശാരോൻ നേതാക്കന്മാരുടെ മുമ്പിൽ തെളിവുകൾ ഹാജരാക്കുമെന്ന് ഡിഫെൻഡർ വ്യക്തമാക്കിയിരുന്നു. ഇങ്ങനെ തെളിവ് ഹാജരാക്കപ്പെട്ടാൽ തന്റെ തനിനിറം പുറത്താകുമെന്ന് ഭയന്നാണ് കെ.എ.ഏബ്രഹാം പ്രതികരിക്കാതിരിക്കുന്നത് എന്ന് ബലമായി സംശയിക്കണം.

ശാരോൻ കൺവൻഷനെ സംബന്ധിച്ച് ആലോചിക്കാൻ ചേർന്ന യോഗം മുതൽ കെ.എ. ഏബ്രഹാമിനെ പ്രസംഗിപ്പിക്കുന്നതിനെതിരായി സഭാപ്രതിനിധികൾ ശബ്ദമുയർത്തിയിരുന്നു. പിന്നീട് പലരും നേതാക്കന്മാരെ നേരിൽ കണ്ട് പ്രതിഷേധം അറിയിക്കുകയും ചെയ്തു. കത്തിലൂടെയും ഫോണിലൂടെയും പ്രതികരിച്ചവരുമുണ്ട്. ജനവികാരം കെ.എ.ഏബ്രഹാമിന് എതിരാണെന്ന് ബോദ്ധ്യമായതോടെ സഭാ നേതൃത്വം ഇദ്ദേഹത്തെ ഒഴിവാക്കുകയായിരുന്നു.

ശാരോൻ കൺവൻഷനിൽ പ്രസംഗിക്കാൻ അവസരം നിഷേധിക്കപ്പെട്ടത് കെ.എ.ഏബ്രഹാമിനെ ഏറെ ക്ഷീണിപ്പിച്ചിട്ടുണ്ട്. ശാരോൻ കൺവൻഷനിൽ സ്വന്തം സഭയിലെ വിശ്വാസികളെ കൊണ്ടുവന്ന് ശക്തിപ്രകടനം നടത്തിയതോടെ പോൾ ഗോപാലകൃഷ്ണൻ ശാരോൻ കൺവൻഷനിൽ നിന്ന് ഔട്ടായിരുന്നു. ഇപ്പോളിതാ അവറാനും ഔട്ടായിരിക്കുന്നു. അഹങ്കാരമാണ് ഇരുവർക്കും വിനയായത്.

ശാരോന്റെ പ്രതിനിധി എന്ന ഭാവത്തിൽ പെന്തക്കോസ്തുകാരുടെ ഇടയിൽ വിലസിയിരുന്ന കെ.എ.ഏബ്രഹാമിന് ഇനി ഈ തട്ടിപ്പു തുടരാനാവില്ല. സ്വന്തം സംഘടനയായ ശാരോനുപോലും വേണ്ടാത്ത കെ.എ.ഏബ്രഹാമിനെ പ്രസംഗത്തിനു ക്ഷണിക്കാൻ ബുദ്ധിയുള്ളവർ തയ്യാറാകില്ല. ഈ വസ്തുത കെ.എ. ഏബ്രഹാമിനും അറിയാം. അതുകൊണ്ട് ശാരോൻ വിട്ട് ഐ.പി.സിയിൽ ചേരാനുള്ള ആലോചനയിലാണ് ഈ വിദ്വാൻ ഇപ്പോൾ. ഈ നീക്കത്തിന് കെ.സി.ജോണിന്റെ പിൻതുണയുമുണ്ട്.

Vol. No.11 Issue No.23 2008 December 1

# സുമിക്രിക്കാരുടെ കൊയ്ത്തുകാലം

നവംബർ മുതലുള്ള ആറു മാസം സുമിക്രിക്കാരുടെ കൊയ്ത്തുകാലമാണ്. നന്നായി സുമിക്രി അവതരിപ്പിക്കാൻ കഴിവുള്ളവർക്ക് ലക്ഷങ്ങൾ നേടാം. പക്ഷേ നിങ്ങൾക്ക് സത്യ സുവിശേഷം പ്രസംഗിക്കാൻ മാത്രമേ അറിയൂ എങ്കിൽ നിങ്ങളുളുടെ കാര്യം കട്ടപ്പൊഹയാണ്.

ഇത്രയും പറഞ്ഞപ്പോൾ സുമിക്രി എന്താണെന്ന് പിടികിട്ടിക്കാണുമെന്നു കരുതുന്നു. സുവിശേഷത്തിന്റെ 'സു'യും മിമിക്രിയുടെ 'മിക്രി'യും ചേർന്നതാണ് സുമിക്രി. ജനപ്രിയ പ്രസംഗകനായ കെ.എ.ഏബ്രഹാമിന്റെ പ്രസംഗം ഉദാഹരണമായി എടുക്കാം. അതിൽ സുവിശേഷമില്ലേ? ഉണ്ടല്ലോ. അങ്ങിങ്ങായി യേശു, ബൈബിൾ, രക്ഷ, സഭ എന്നൊക്കെ പറയുന്നുണ്ട്. ബാക്കിയെല്ലാം മിമിക്രിയാണ്. വിവിധ മിമിക്രി ട്രൂപ്പുകൾ വർഷാവർഷം പുറത്തിറക്കുന്ന എല്ലാ കാസറ്റുകളും സിഡികളും കെ.എ.ഏബ്രഹാം വിലക്ക് വാങ്ങും. അവയിൽ നിന്ന് അനുയോജ്യമായവ അടിച്ചുമാറ്റി തന്റെ പ്രസംഗത്തിൽ ഉൾപ്പെടുത്തും. തിരക്കുള്ള പ്രസംഗകരിൽ ഭൂരിപക്ഷവും ഇത്തരം തന്ത്രങ്ങൾ പ്രയോഗിക്കാറുണ്ട്. എങ്ങനെയെങ്കിലും ജനത്തെ രസിപ്പിക്കുക. പറയുന്നത് ദൈവവചനമാണോ, സത്യസുവിശേഷമാണോ എന്നൊന്നും ഇവർ നോക്കാറില്ല.

പരമാവധി ജനത്തെ കൂട്ടുക, ജനത്തിന് രസിക്കുന്ന പ്രസംഗം കേൾപ്പിക്കുക, കൺവൻഷൻ അടിപൊളിയായിരുന്നു എന്ന് പറയിക്കുക തുടങ്ങിയവയാണ് കൺവൻഷൻ നടത്തുന്നവരുടെ ലക്ഷ്യം. സത്യ സുവിശേഷം പ്രസംഗിക്കുന്നവരെ വിളിച്ചാൽ ഇതൊന്നും നടക്കില്ല. അതുകൊണ്ട് 'സുമിക്രി ശരണം ഗച്ഛാമി'.

സത്യ സുവിശേഷം വളരെ അപൂർവ്വമായി മാത്രമേ ഇക്കാലത്ത് പ്രസംഗിക്കപ്പെടുന്നുള്ളു. മിമിക്രിയൊന്നും കൂടാതെ ഗൗരവത്തിൽ പ്രസംഗിക്കുന്നവരിൽ ഭൂരിപക്ഷവും സമൃദ്ധിയുടെ സുവിശേഷമാണ് പ്രസംഗിക്കുന്നത്. യേശുവിൽ വിശ്വസിച്ചാൽ ലഭിക്കുന്ന ഭൗതീക അനുഗ്രഹങ്ങളേക്കുറിച്ചാണ് അവർക്കു പറയാനുള്ളത്. വലിയ വീട്, വിലകൂടിയ കാർ, നല്ല ആരോഗ്യം, കോടികളുടെ വരുമാനം തുടങ്ങിയതൊക്കെ യേശു നൽകുമത്രേ. അങ്ങനെയൊരു യേശു ഉണ്ടെങ്കിൽ അത് ധനവാന്റേയും ലാസറിന്റേയും കഥ പറഞ്ഞ യേശു അല്ലെന്നു നിശ്ചയം. ദൈവമക്കളേ, വഞ്ചിക്കപ്പെടരുത്. സുമിക്രിയും സമൃദ്ധിയുടെ സുവിശേഷവും സാത്താന്റെ സുവിശേഷങ്ങളാണ്. കർത്താവോ ശിഷ്യന്മാരോ ഇതു പ്രസംഗിച്ചിട്ടില്ല.

# സത്യം സത്യമായി

കേരളാ കോൺഗ്രസ്സുകൾ ഒന്നാകുന്നത്രേ. ഈ വർഷത്തെ ഏറ്റവും വലിയ തമാശയ്ക്ക് ഒരവാർഡുണ്ടെങ്കിൽ അത് ഈ പ്രസ്താവന പുറപ്പെടുവിച്ച വിദ്വാനു കൊടുക്കണം. സൂര്യൻ പടിഞ്ഞാറുദിച്ചെന്നോ, കാക്ക മലന്നു പറന്നെന്നോ, കെ.സി.ജോൺ മാനസാന്തരപ്പെട്ടെന്നോ, ടി.ജെ.ശാമുവൽ അഹങ്കാരം ഉപേക്ഷിച്ച് സൗമ്യനായെന്നോ ഒക്കെ പറഞ്ഞാൽ വിശ്വസിക്കാം. പക്ഷേ, കേരളാ കോൺഗ്രസ്സുകൾ ഒന്നാകുക - അത് ആകാശവും ഭൂമിയും ഉള്ള കാലത്തെങ്ങും നടപ്പിലാകുന്ന കാര്യമല്ല.

കേരളാ കോൺഗ്രസ്സിലെ ഓരോ അംഗവും ഓരോ കേരളാ കോൺഗ്രസ്സാണ്. മറ്റൊരു പാർട്ടിക്കും അവകാശപ്പെടാനാവാത്ത ഒരു പ്രത്യേകതയാണിത്. ഇങ്ങനെയുള്ള അസംഖ്യം കേരളാ കോൺഗ്രസ്സുകൾ ഇത്രത്തോളമെങ്കിലും യോജിച്ചു നിൽക്കുന്നതാണ് അത്ഭുതം.

കേരളാ കോൺഗ്രസ്സുകളിൽ ഉണ്ടായിട്ടുള്ള അസംഖ്യം പിളർപ്പുകളിൽ ഒന്നുപോലും ആദർശത്തിന്റെ പേരിൽ ആയിരുന്നില്ല എന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. കസേരകളുടെ പേരു പറഞ്ഞ് തമ്മിൽ തല്ലി പിരിയുകയായിരുന്നു എല്ലായ്പ്പോഴും. കേരളാ കോൺഗ്രസ്സുകളുടെ ഐക്യത്തിന് പ്രധാന വിലങ്ങുതടിയാകാൻ പോകുന്നതും കസേരകൾ തന്നെ. ഈ പ്രതിബന്ധങ്ങളേ എല്ലാം മറികടന്ന് ഇവരൊന്നായാലും ആ ഐക്യം ഏറെക്കാലം നിലനിൽക്കില്ല എന്നു തീർച്ച.

പണത്തിനു മീതെ പരുന്തും പറക്കുകയില്ല എന്ന ചൊല്ലിന്റെ ശരിയായ അർത്ഥം മനസ്സിലാക്കണമെങ്കിൽ അഭയാ കേസ്സിന്റെ പരിശോധിച്ചാൽ മതി. കേസ്സ് അട്ടിമറിക്കാൻ അന്നത്തെ ഇന്ത്യൻ പ്രധാന മന്ത്രി വരെ ഇടപെട്ടു എന്നു പറയുമ്പോൾ കാര്യത്തിന്റെ ഗൗരവം പിടികിട്ടുമല്ലോ. കോടതിയുടെ നിരന്തരമായ ഇടപെടൽ ഉണ്ടായതുകൊണ്ടു മാത്രമാണ് ഇപ്പോൾ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത്.

പുരോഹിതന്മാർ എത്ര വലിയ തെറ്റ് ചെയ്താലും അവരെ സംരക്ഷിക്കുക എന്നത് കത്തോലിക്ക സഭയുടെ സ്ഥിരം പരിപാടിയാണ്. ഈ കേസ്സിലും അതുതന്നെ സംഭവിക്കും. രാജ്യത്തെ ഏറ്റവും പ്രഗത്ഭരായ അഭിഭാഷകർ പ്രതികൾക്കു വേണ്ടി ഹാജരാകും. നിയമത്തിന്റെ തലനാരിഴ കീറിയുള്ള വാദപ്രതിവാദങ്ങളുണ്ടാകും. അന്തിമ ഫലം എന്തായിരിക്കുമെന്ന് ഇപ്പോൾ പറയാനാവില്ല.

മുഖ്യ മന്ത്രിക്ക് വഴികാട്ടുക എന്നത് ചട്ടവിരുദ്ധമാണോ? ആണെങ്കിലും അല്ലെങ്കിലും ഈ മഹാപരാധത്തിന് ഒരു സർവ്വയർ സസ്പെന്റ് ചെയ്യപ്പെട്ടിരിക്കുന്നു. സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തി വച്ചിരിക്കുന്ന ചില സ്ഥലങ്ങളെ സംബന്ധിച്ച് ഈ സർവ്വയർ മുഖ്യ മന്ത്രിയെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അവിടേക്കുള്ള വഴി കാട്ടുകയും ചെയ്തു എന്നതാണ് ഈ പാവം സർവ്വയർ ചെയ്ത തെറ്റ്. തന്റെ നിർദ്ദേശപ്രകാരമാണ് ഈ സർവ്വയർ ഇങ്ങനെയൊക്കെ ചെയ്തത് എന്ന് മുഖ്യ മന്ത്രി തന്നെ വ്യക്തമാക്കിയിട്ടും സർവ്വേയർ രക്ഷപ്പെട്ടില്ല. ഇതെന്താ വെള്ളരിക്കാപ്പട്ടണമാണോ?

പശുവിനേയും കോഴിയേയും വളർത്താൻ മൃഗസംരക്ഷണ വകുപ്പു മന്ത്രി തന്റെ കീഴിലുള്ള ജീവനക്കാരോട് ആവശ്യപ്പെട്ടിരിക്കുന്നു. നിർദ്ദേശം അത്ര മോശമാണെന്നു പറയാൻ പറ്റില്ല. മൃഗങ്ങളേ സംരക്ഷിക്കേണ്ടതെങ്ങനെ എന്ന് പൊതുജനങ്ങളെ കാണിച്ചുകൊടുക്കേണ്ടത് മൃഗസംരക്ഷണ വകുപ്പു തന്നെയാണല്ലോ. പശുവും കോഴിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഇതേ മന്ത്രി ഇതിനു മുമ്പും വിശദീകരിച്ചിട്ടുള്ളതാണ്. അരി കിട്ടാതായാൽ പാലു കുടിക്കണം. ഒപ്പം മുട്ടയും തിന്നാം. അതും പോരെന്നു തോന്നിയാൽ ഒരു കോഴിയെ കറിയും വയ്ക്കുക. കുശാൽ!! ജനക്ഷേമത്തിൽ ഇത്ര താത്പര്യമുള്ള മന്ത്രിമാരെ ഈ ഭൂലോകത്ത് മറ്റെവിടെയെങ്കിലും കിട്ടുമോ?

ഡിസംബർ 22ന് തിരുവനന്തപുരത്ത് പെന്തക്കോസ്ത് റാലി നടത്തുമെന്ന് ചില പെന്തക്കോസ്ത് നേതാക്കന്മാർ ഭീഷണിപ്പെടുത്തിയിരുന്നു. പക്ഷേ ജനവികാരം ഇതിന് എതിരാണെന്നു കണ്ടതോടെ ഈ ചങ്ങാതിമാർ തലവലിച്ചു. അങ്ങനെ റാലി ആവിയായിപ്പോയി.

പക്ഷേ ഈയിടെയായി ഈ ചെകുത്താന്റെ സന്തതികൾക്ക് ഉറക്കം വരുന്നില്ല. ദൈവമക്കളെ രാഷ്ട്രീയക്കാർക്ക് അടിയറവ് വയ്ക്കാനുള്ള സാത്താന്യ തന്ത്രം പാളിപ്പോയതിൽ സാത്താന് അത്യധികമായ കോപമുണ്ട്. ഒരു റാലി നടത്താൻ പോലും കഴിവില്ലാത്ത ഈ ശുംഭന്മാരെ പെന്തക്കോസ്തിന്റെ നേതൃസ്ഥാനത്ത് എടുത്തുവച്ചതിൽ സാത്താൻ ദു:ഖിക്കുന്നു. അതുകൊണ്ട് എത്രയും വേഗം റാലി നടത്തുക, അല്ലെങ്കിൽ നേതൃസ്ഥാനത്തു നിന്ന് പുറത്തു പോകുക എന്ന് സാത്താൻ ഇവർക്ക് അന്ത്യശാസനം കൊടുത്തിരിക്കയാണ്. അതുകൊണ്ടാണ് ഇവർ ഇത്ര തത്രപ്പെട്ട് റാലി നടത്തുന്നത്.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതിചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തനും അവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. ഞാൻ ആൽഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു. വെളി. 22:11-13.


**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**


## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# ബഥേലിനൊരു സ്വപ്നമുണ്ട് പിമ്പിനൊരു മണിമാളിക



മാർട്ടിൻ ലൂഥർ കിംഗിന് ഒരു സ്വപ്നമുണ്ടായിരുന്നു: വർണ്ണവിവേചനമില്ലാത്ത അമേരിക്ക. ഒബാമ അമേരിക്കൻ പ്രസിഡന്റാകുന്നതോടെ ആ സ്വപ്നം ഒരളവോളമെങ്കിലും സഫലീകരിക്കപ്പെട്ടു എന്നു പറയാം.

പരമ പുണ്യാളനായ ബഥേൽ പി. ജേക്കബ്ബിനുമുണ്ട് ഒരു സ്വപ്നം: തന്റെ പ്രധാന പിമ്പായ കാശിനാഥന് ഒരു മണിമാളിക. വരുന്ന ജനുവരി 26ന് അകം വീടുവാങ്ങി കൊടുത്തിരിക്കണമെന്ന് ദൈവാത്മാവ് ബഥേലിനോട് കർശനമായി പറഞ്ഞിട്ടുമുണ്ട്. പാവം ബഥേൽ എന്തു ചെയ്യും? വിവരം തന്റെ സഭയിലുള്ളവരെ അറിയിക്കുകയല്ലേ നിവൃത്തിയുള്ളൂ. സഭയിലുള്ള ബഹുഭൂരിപക്ഷവും ശുദ്ധ കഴുതകളായതുകൊണ്ട് പണം കിട്ടാൻ ബുദ്ധിമുട്ടുണ്ടാകുകയുമില്ല.

ബഥേൽ അടുത്തകാലത്ത് മദ്ധ്യപ്രദേശിൽ കുറെ സ്ഥലം വാങ്ങുകയും വീടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ബഥേലിന്റെ പ്രധാന സ്റ്റെപ്പിനികളായ നേഴ്സും അമ്മയും അവിടെയാണ് താമസിക്കുന്നത്. പക്ഷേ ഭാര്യയുമൊത്ത് പോയതുകൊണ്ട് ബഥേൽ ഇത്തവണ അവിടെ പോയില്ല.

ബഥേൽ എത്തുന്നു എന്നറിഞ്ഞാൽ കാശിനാഥൻ എയർപോർട്ടിൽ കാത്തുനിൽക്കുക പതിവാണ്. പക്ഷേ ഇത്തവണ അതുണ്ടായില്ല. നേരിൽ കണ്ടപ്പോഴും കാശിനാഥന് പഴയ ചങ്ങാത്തമില്ല. ബഥേലിനു ഭയമായി. കാശിനാഥൻ പിണങ്ങിയാൽ സകല സീക്രട്സും ഔട്ടാകും. കാരണം ബഥേൽ നടത്തിയിട്ടുള്ള സകല തോന്ന്യാസങ്ങളും കാശിനാഥനറിയാം. ബഥേൽ എവിടെയെല്ലാം സ്വന്തം പേരിൽ സ്ഥലം വാങ്ങിയിട്ടുണ്ട്, ബഥേലിന്റെ അവിഹിത ബന്ധങ്ങൾ എവിടെയൊക്കെ തുടങ്ങിയതെല്ലാം കാശിനാഥന് നന്നായി അറിയാം. എന്തിനേറെ പറയുന്നു, എഫ്.സി.ആർ.എക്കുവേണ്ടി ആരുടെയൊക്കെ കള്ളയൊപ്പിട്ടിട്ടുണ്ട് എന്നുവരെ ശ്രീമാൻ കാശിക്കറിയാം. ഇത്രയേറെ രഹസ്യങ്ങളറിയാവുന്ന കാശിനാഥനെ പിണക്കാനാവില്ലല്ലോ.

എന്താണ് കാശിയുടെ പിണക്കത്തിനു കാരണമെന്ന് ബഥേൽ അന്വേഷിച്ചു കണ്ടുപിടിച്ചു. കാശിയിപ്പോഴും വാടക വീട്ടിലാണ് കിടക്കുന്നത്. നിരണത്ത് അരക്കോടി രൂപ വിലമതിക്കുന്ന വീടുണ്ടെന്നതു ശരിതന്നെ. പക്ഷേ വാരണാസിയിൽ വാടകവീടല്ലേയുള്ളു? സ്വന്തം ഭാര്യയെ വരെ ബഥേലിനു വിട്ടുകൊടുത്തിട്ട് ഇതാണോ പ്രതിഫലം? ആരായാലും പിണങ്ങിപ്പോകും.

ബഥേൽ അവസരത്തിനൊത്ത് ഉയർന്നു. കാശിക്കൊരു വീട് റെഡി. ബഥേൽ അമേരിക്കയിലൊന്ന് ചെല്ലട്ടെ. അങ്ങനെ കാശിയുടെ പിണക്കം തീർത്ത് ബഥേൽ അമേരിക്കയിൽ മടങ്ങിയെത്തി. കാശിനാഥന്റെ കദനകഥ ബഥേലും ഭാര്യയും ഏങ്ങലടിച്ചുകൊണ്ട് സഭയിൽ പറഞ്ഞു. അവർക്കൊരു വീടുണ്ടാക്കി കൊടുത്തില്ലെങ്കിൽ ദൈവശാപമുണ്ടാകും എന്നും പറഞ്ഞു. ജനുവരി 26നകം വീട് ഉണ്ടാക്കിക്കൊടുക്കണമെന്ന് ദൈവാത്മാവ് പറഞ്ഞെന്നും ബഥേൽ സഭയിൽ പറഞ്ഞു. വടക്കേ ഇന്ത്യയിൽ ആയിരക്കണക്കിന് സുവിശേഷകർ വാടക കൊടുക്കാനോ അരി വാങ്ങാനോ പണമില്ലാതെ വിഷമിക്കുന്നതൊന്നും കണ്ടിട്ട് ബഥേലിന്റെ ഹൃദയം തകർന്നില്ല. പക്ഷേ തന്റെ പിമ്പ് വാടക വീട്ടിൽ കിടക്കുന്നതു കണ്ടപ്പോൾ സഹിക്കാൻ കഴിഞ്ഞില്ല. ഏതായാലും ബഥേലിന്റെ സഭയിലെ കഴുതകൾ 26ന് മുമ്പായി കാശിക്ക് വീടുവച്ചു കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

# ചാനൽ ടിവിയിൽ കാണാമോ?

ചവർ ചാനൽ അമേരിക്കയിൽ സംപ്രഷണം ചെയ്യാൻ പോകുന്നു എന്ന് കെ.സി.ജോൺ ഭീഷണപ്പെടുത്താൻ തുടങ്ങിയിട്ട് കാലം കുറേയായി. എന്നാൽ നാളിതുവരെ അത് വെറും ഭീഷണിയായി നിലനിൽക്കുകയാണ്. ഇപ്പോഴിതാ ഡിസംബർ ഒന്നു മുതൽ ചവർ അമേരിക്കയിൽ ലഭ്യമാക്കുമെന്ന് കെ.സി.ജോൺ പറയുന്നു. മാസം 15 ഡോളർ കൊടുക്കുന്നവർക്ക് ഐ.പി.റ്റി.വി. സങ്കേതം ഉപയോഗിച്ച് ചവർ കാണാമത്രേ. വളച്ചുകെട്ടാതെ പറയാമോ, ചവർ ചാനൽ ടിവിയിൽ കാണാൻ പറ്റുമോ?



# തൃശൂരിൽ വീണ്ടും തമാശ

തൃശൂരിലെ ഐ.പി.സി. സഭകളിൽ തമാശ ഒഴിഞ്ഞ സമയമില്ല. ഏതെങ്കിലും ഒരു സഭയിൽ എപ്പോഴും അത്യുഗ്രൻ തമാശ ഉണ്ടായിരിക്കും. ഇപ്പോൾ തമാശ ഉണ്ടായിരിക്കുന്നത് കൂട്ടാല സഭയിലാണ്. കൊടുന്തറ ഉമ്മച്ചന്റെ കൊച്ചുമോനായ കെ.സി.വർഗ്ഗീസാണ് ഇവിടുത്തെ പാസ്റ്റർ. ഇയാൾ സെന്റർ സെക്രട്ടറിയുമാണ്. ഐ.പി.സി. കൂട്ടാല സഭയുടെ ആരാധനാലയം നിൽക്കുന്നത് ഇയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ്. ഐ.പി.സിയുടെ പേരു പറഞ്ഞ് സ്വദേശത്തുനിന്നും വിദേശത്തുനിന്നും പിരിച്ചെടുത്ത പണം ഉപയോഗിച്ചാണ് സഭാഹാൾ പണിതത്. പക്ഷേ ഈയിടെ വിശ്വാസികൾ ഈ സഭാഹാൾ ഐ.പി.സിക്ക് എഴുതികൊടുക്കണമെന്ന് ആവശ്യപ്പെട്ടു. പ്രശ്നം രൂക്ഷമായപ്പോൾ വറീച്ചൻ സഭാഹാൾ പൂട്ടി. തന്റെ വസ്തുവിൽ മറ്റുള്ളവർ അതിക്രമിച്ചു കടക്കുന്നതിനെതിരെ പോലീസിൽ നിന്ന് സംരക്ഷണവും നേടി.

ഇതിനിടയിൽ ഒരു ദിവസം പട്ടിക്കാട്ട് നടന്ന ഒരു ബൈബിൾ ക്ലാസ്സിൽ പങ്കെടുക്കാൻ ഐ.പി.സി. സ്റ്റേറ്റ് പ്രസിഡന്റായ കെ.എം.ജോസഫ് എത്തി. രാവിലെ ക്ലാസ്സ് എടുക്കുകയും ചെയ്തു. അതിനിടയിൽ ഒരു കിംവദന്തി കെ.എം.ജോസഫിന്റെ ചെവിയിലെത്തി. കൂട്ടാലപ്രശ്നം തീർക്കാതെ കെ.എം.ജോസഫിനെ വിടില്ല എന്നു പറഞ്ഞുകൊണ്ട് ഉടൻ കൂട്ടാല സഭക്കാർ എത്തും. ഉച്ചകഴിഞ്ഞുള്ള ബൈബിൾ ക്ലാസ്സിന്റെ സമയമായപ്പോൾ കെ.എം.ജോസഫിനെ കാണാനില്ല. മഹാധീരനായ അദ്ദേഹം അപ്പോഴേക്കും സ്വന്തം വീട്ടിലെത്തിക്കഴിഞ്ഞിരുന്നു.

എന്നിട്ടെന്തായി? ഒന്നുമായില്ല. പക്ഷേ എന്തുമായെന്നുവരാം. എന്തെങ്കിലുമായിക്കഴിയുമ്പോൾ വിവരം ഡിഫെൻഡറിൽ വായിക്കാം.

# ചെണ്ടകൂടി വേണ്ടിയിരുന്നു

വലങ്കൈ ചെയ്യുന്നത് ഇടങ്കൈ അറിയരുതെന്നാണ് കർത്താവ് പറഞ്ഞത്. അതൊക്കെ അന്തക്കാലം. ഇന്നു നാം ചെയ്യുന്നത് 'ഫോർ പീപ്പിൾ' അറിഞ്ഞില്ലെങ്കിൽ എന്താ ഫലം?

പറഞ്ഞുവരുന്നത് ഐ.പി.സി. തിരുവല്ലാ സെന്ററിന്റെ കാര്യമാണ്. ലോകത്തിന്റെ 'നടുമദ്ധ്യ'മായ തിരുവല്ലായിലെ സെന്റർ എന്തുകൊണ്ടും പ്രാധാന്യം അർഹിക്കുന്നതാണ്. മഹാനായ കെ.സി.ജോണാണ് ഈ സെന്ററിന്റെ ദൈവം. തിരുവല്ലാ സെന്റർ ഈയിടെ ഒരു മഹാകാര്യം ചെയ്തു. അവർ ഐ.പി.സി. ജനറൽ കൗൺസിലിന് 5 ലക്ഷം രൂപ സംഭാവന ചെയ്തു. കലാപരിപാടി അവിടം കൊണ്ടുനിന്നില്ല. സെന്ററിലേയും ഐ.പി.സിയിലേയും രണ്ടു ഡസൻ ദിവ്യന്മാരെ നിരത്തിനിർത്തി ഫോട്ടോ എടുത്ത് സകല പെന്തക്കോസ്ത് പത്രങ്ങൾക്കും അയച്ചുകൊടുത്തു.

സംഗതി ഇത്രയുമൊക്കെ ആയ സ്ഥിതിക്ക് ഒരു ചെണ്ടമേളമോ കുറഞ്ഞപക്ഷം ഒരു ചിങ്കാരിമേളമെങ്കിലുമോ കൂടി ഏർപ്പാടാക്കേണ്ടതായിരുന്നു.

# സഭ മോഡേണാകണം സാമ്പിളിന് ഒരു ഉമ്മ

കാനഡയിലെ ടൊറൻഡോയിൽ താമസിക്കുന്ന മനു ചെറിയാൻ എന്ന അന്തർദ്ദേശീയ പ്രവാചകൻ ഈയിടെ ഡാളസ് സന്ദർശിക്കുകയുണ്ടായി. ഈ ചങ്ങാതി ഡാളസ്സിൽ കാട്ടിക്കൂട്ടിയ വികൃതികൾ ഏറെയുണ്ട്. അവയിൽ ഒന്നിനെപ്പറ്റി ഈ ലക്കത്തിൽ പറയാം. മറ്റുള്ളവ തുടർന്നുള്ള ലക്കങ്ങളിൽ വായിക്കാം.

സംഭവം നടന്നത് ഏത് സഭയിലാണെന്ന് തൽക്കാലം പറയുന്നില്ല. മനു അത്യുഗ്രൻ പ്രവചനവുമായി സ്റ്റേജിൽ നിൽക്കയാണ്. മനുവിന്റെ ഭാഷയിൽ പറഞ്ഞാൽ മനു നിൽക്കുന്നത് മറ്റൊരു മണ്ഡലത്തിലാണ്. അങ്ങനെ നിന്നപ്പോൾ മനുവിന് ഒരു കാര്യം വെളിപ്പെട്ടു. ഈ സഭ ഒരു അന്തർദ്ദേശീയ സഭയായി വളരാൻ പോകുകയാണ്. നിരവധി വിദേശ രാജ്യങ്ങളിൽ നിന്ന്, വിശേഷിച്ച് ആഫ്രിക്കയിൽ നിന്ന് നിരവധി ആളുകൾ ഈ സഭയിലെത്തും. അതുകൊണ്ട് സഭയുടെ മുഖഛായതന്നെ മാറണം. മലയാളി സംസ്ക്കാരമൊക്കെ ഉപേഷിക്കണം. സ്ത്രീകളും പുരുഷന്മാരും വെവ്വേറെ ഇരിക്കുന്ന രീതി അറുപഴഞ്ചനാണ്. അന്തർദ്ദേശീയ സഭയ്ക്ക് അത് ചേർന്നതല്ല. അതുകൊണ്ട് സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ലാതെ ഇടകലർന്നിരിക്കണം. അന്യോന്യം ഇടപെടുമ്പോഴും സ്ത്രീപുരുഷ വ്യത്യാസം പാടില്ല. ഷേക്ക് ഹാന്റ് കൊടുക്കുന്ന രീതിയും മാറ്റണം. അന്യോന്യം ആലിംഗനം ചെയ്ത് ചുംബിച്ചുവേണം അഭിവാദ്യം ചെയ്യാൻ.

ഇത്രയും പറഞ്ഞിട്ട് മനു ആ സഭയിലെ പാസ്റ്ററുടെ ഭാര്യയെ അടുത്തേക്കുവിളിച്ചു. എന്താണ് സംഭവിക്കുന്നത് എന്ന് മനസ്സിലാകുന്നതിനു മുമ്പായി ആ സ്ത്രീയെ മനു കെട്ടിപ്പിടിച്ച് ഒരു ഉമ്മയും കൊടുത്തു. (കെട്ടിപ്പിടിച്ചതേയുള്ളു, ഉമ്മകൊടുത്തില്ല എന്നാണ് ചിലർ പറയുന്നത്). ഇതെല്ലാം കണ്ട് വിശ്വാസികൾ വണ്ടറടിച്ചിരുന്നു. പ്രവാചകന്റെ തിരുമുഖത്ത് ഒരു കൈമുദ്ര പതിപ്പിക്കാൻ പരമ കൊഞ്ഞാണനായ ആ പാസ്റ്റർക്ക് ധൈര്യമുണ്ടായതുമില്ല.

# ചുമ്മാ വെഷപ്പിന്റെ സ്ക്കൂളിൽ അടിപിടി

കെ.പി.യോഹന്നാൻ എന്ന ചുമ്മാ വെഷപ്പിനെ വിവാദങ്ങൾ വിടാതെ പിൻതുടരുകയാണ്. ഒന്നൊഴിയുമ്പോൾ മറ്റൊന്ന് എന്ന ക്രമത്തിൽ കുരിശുകൾ വന്നുകൊണ്ടിരിക്കുന്നു. ആവശ്യത്തിലധികം പണം കൈവശമുള്ളതുകൊണ്ട് പ്രശ്നങ്ങളൊക്കെ തട്ടിമാറ്റി വെഷപ്പ് മുന്നേറുന്നു.

ഇത്തവണ കുരിശു വന്നത് സ്ക്കൂളിലാണ്. അത്യുഗ്രൻ നിലവാരമുള്ള സ്ക്കൂളാണ് എന്നൊക്കെ പറയാറുണ്ടെങ്കിലും പബ്ലിക്ക് പരീക്ഷകളിൽ കുട്ടികൾ ശറപറാ തോൽക്കുന്നു. പ്രിൻസിപ്പാൾ അടക്കം സകല അദ്ധ്യാപകരേയും നിരന്തരം മാറ്റിക്കൊണ്ടിരിക്കുന്നതാണ് ഈ തോൽവിക്കു കാരണം. പക്ഷേ കുരങ്ങന്റെ കൃഷിപോലെ, വേരുകിളിർത്തോ എന്ന് എന്നും രാവിലെ പറിച്ചു നോക്കാതിരിക്കാൻ വെഷപ്പിനാവില്ല. അത് രക്തത്തിൽ അലിഞ്ഞു ചേർന്ന സ്വഭാവമാണ്.

ഈയിടെ മുതിർന്ന ക്ലാസ്സിലെ കുട്ടികൾ ചേരിതിരിഞ്ഞ് ഏറ്റുമുട്ടി. ചിലരെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതായും വന്നു. കുട്ടികൾ കെമിസ്ട്രി ലാബും അടിച്ചു പൊളിച്ചു. മറ്റു സ്ക്കൂളുകളിലാണെങ്കിൽ ഈ സംഭവം വാർത്തയായേനേം. പക്ഷേ വാർത്തകൾ പുറത്തു പോകാതെ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വെഷപ്പ് കെ.പി.യോഹന്നാന് നന്നായി അറിയാം.



# രോഗശാന്തി: ചെയ്യേണ്ടതും ചെയ്യരുതാത്തതും

കൺവൻഷൻ സീസൺ ആരംഭിച്ചുകഴിഞ്ഞു. അതുകൊണ്ടുതന്നെ രോഗശാന്തിയുടെ പേരുപറഞ്ഞു വിവിധതരം തട്ടിപ്പുകൾ നടക്കുകയും ചെയ്യും. ആകയാൽ രോഗശാന്തിയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ വിശദീകരിക്കേണ്ടത് ആവശ്യമായിരിക്കുന്നു.

ഒന്നാം നുറ്റാണ്ട് അവസാനിച്ചതോടെ രോഗശാന്തിയും ഇല്ലാതായി എന്നു പഠിപ്പിക്കുന്നവരുണ്ട്. പക്ഷേ ദൈവവചനം അങ്ങനെ പറയുന്നില്ല. ഒന്നാം നുറ്റാണ്ടിലുണ്ടായിരുന്ന എല്ലാ കൃപാവരങ്ങളും ഇരുപത്തിയൊന്നാം നുറ്റാണ്ടിലും നിലനിൽക്കുന്നു. വിശ്വസിക്കുന്നവരെ പിന്തുടരുമെന്ന് കർത്താവ് പറഞ്ഞ അടയാളങ്ങൾ ഒന്നാം നൂറ്റാണ്ടോടെ അവസാനിക്കുന്നില്ല. ദൈവസഭ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുന്നതുവരെ ഈ അടയാളങ്ങൾ വിശ്വാസികളെ പിൻതുടരും. രോഗശാന്തി എന്നത് ഈ അടയാളങ്ങളിൽ ഒന്നാണ്. (മർക്കോ. 16:17-19)

നല്ലനോട്ടുണ്ടെങ്കിൽ കള്ളനോട്ടുണ്ടായെന്നുവരാം. യഥാർത്ഥ രോഗശാന്തി ഉള്ളതുകൊണ്ട് വ്യാജരോഗശാന്തിയും ഉണ്ടാകും. ദൈവമക്കൾ ഇവ തമ്മിൽ തിരിച്ചറിയണം. എങ്ങനെയാണ് വ്യാജരോഗശാന്തിക്കാരെ തിരിച്ചറിയുന്നത് എന്നു ചോദിച്ചേക്കാം. വചനാനുസൃതമല്ലാത്ത എല്ലാ രോഗശാന്തി ശുശ്രൂഷകളും വ്യാജമാണ്. ചില ഉദാഹരണങ്ങൾ കൊണ്ട് വിശദീകരിക്കാം.

തങ്കുവിന്റെ പ്രാർത്ഥന കൊണ്ട് രോഗസൗഖ്യമുണ്ടായവരെ മാത്രമേ തങ്കുവിന്റെ യോഗത്തിൽ സാക്ഷ്യം പറയാൻ അനുവദിക്കൂ. എം.എ.വർഗീസ് പ്രാർത്ഥിച്ച് രോഗസൗഖ്യമുണ്ടായെന്ന് സാമച്ചന്റെ യോഗത്തിൽ സാക്ഷ്യം പറയാൻ പറ്റില്ല. എന്തുകൊണ്ട്?

യഥാർത്ഥ രോഗശാന്തി ശുശ്രൂഷ ഏതു വിധത്തിലാണ് നടത്തേണ്ടത് എന്ന് ദൈവവചനം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

1. എല്ലാ വിശ്വാസിക്കും രോഗികളുടെമേൽ കൈവച്ച് പ്രാർത്ഥിക്കാനുള്ള അധികാരമുണ്ട്. എങ്കിലും രോഗശാന്തിവരം പ്രാപിച്ചിട്ടുള്ള വിശ്വാസികളുടെ പ്രാർത്ഥന കൊണ്ട് കൂടുതൽ രോഗികൾ സൗഖ്യമാകും.
2. രോഗികളുടെ മേൽ കൈവച്ച് പ്രാർത്ഥിക്കുക എന്നതാണ് ഏറ്റവും ഉചിതമായ രീതി. എന്നാൽ അതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ കൈവയ്ക്കുന്നത് ഒഴിവാക്കാം.
3. രോഗം സൗഖ്യമാക്കുവാനായി പ്രാർത്ഥിക്കുകയോ രോഗം സൗഖ്യമാകട്ടേ എന്ന് യേശുവിന്റെ നാമത്തിൽ കൽപ്പിക്കുകയോ ചെയ്യാവുന്നതാണ്.
4. പ്രാർത്ഥിക്കുന്ന വ്യക്തിക്ക് ഏതെങ്കിലും വിധത്തിൽ മഹത്വമോ ബഹുമാനമോ കിട്ടുന്ന സാഹചര്യങ്ങൾ ബുദ്ധിപൂർവ്വം ഒഴിവാക്കണം.

ദൈവവചനത്തിൽ കാണുന്ന രോഗശാന്തി ശുശ്രൂഷകൾ നടന്നിട്ടുള്ളത് ഈ വിധത്തിലൊക്കെയാണ്. ഇക്കാലത്ത് രോഗശാന്തി ശുശ്രൂഷകൾ നടക്കേണ്ടതും ഈ വിധത്തിലാണ്. പക്ഷേ ദു:ഖത്തോടെ പറയട്ടെ, ഇതൊന്നുമല്ല ഇപ്പോൾ നടക്കുന്നത്.

1. രോഗശാന്തി ശുശ്രൂഷ നടത്തുന്ന വ്യക്തിക്ക് പരമാവധി മഹത്വം കൊടുക്കും. അയാളെ അത്ഭുത വീരനായി അവതരിപ്പിക്കും.
2. രോഗശാന്തി നടക്കാൻ പോകുന്നതായി വ്യാപകമായ പരസ്യം നൽകും.
3. ദൈവ വചനത്തേക്കാൾ രോഗശാന്തിക്ക് പ്രാധാന്യം നൽകും.
4. വിശ്വാസിക്ക് രോഗം ഉണ്ടാകുകയില്ല എന്നുവരെ ചിലർ പഠിപ്പിക്കും.
5. എടുത്തുപറയത്തക്ക ഒരു രോഗശാന്തിയും ഉണ്ടായില്ലങ്കിലും അത്യുഗ്രൻ രോഗശാന്തി ഉണ്ടായതായി കൊട്ടിഘോഷിക്കും
6. ഇത്തരം വ്യാജ രോഗശാന്തികളുടെ കഥകൾക്ക് വ്യാപകമായ പരസ്യം നൽകും.
7. വിവിധ പേരുകളിൽ നടത്തുന്ന പണപ്പിരിവ് എല്ലാ വ്യാജ രോഗശാന്തിക്കാരുടേയും മുഖ്യ പരിപാടിയാണ്.

ശരിയായ രോഗശാന്തി ശുശ്രൂഷ ഏതുവിധത്തിലാണ് ചെയ്യേണ്ടത് എന്ന് പറഞ്ഞു കഴിഞ്ഞല്ലോ. അതുകൊണ്ട് രോഗശാന്തി ശുശ്രൂഷകർ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ഏവ എന്നുകൂടി പറഞ്ഞിട്ട് ഈ ലേഖനം അവസാനിപ്പിക്കാം.

1. രോഗശാന്തി നടക്കാൻ പോകുന്നതായി പരസ്യം ചെയ്യരുത്. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ് എന്നു പോലും നോട്ടീസിൽ പറയാതിരിക്കുകയാണ് നല്ലത്.
2. രോഗശാന്തി ശുശ്രൂഷ എന്നത് കൺവൻഷന്റെ പ്രധാനഭാഗമാക്കരുത്. പ്രസംഗം കഴിഞ്ഞ ശേഷം ഏതാനും മിനിറ്റുകൊണ്ട് രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക.
3. പ്രസംഗകനെ അത്ഭുത പ്രവർത്തകനായി അവതരിപ്പിക്കരുത്.
4. രോഗസൗഖ്യം ലഭിച്ച വ്യക്തികളെ സ്റ്റേജിൽ കയറ്റി സാക്ഷ്യം പറയിപ്പിക്കുന്ന പരിപാടി നിർബന്ധമായും ഒഴിവാക്കണം. ഇത്തരം സാക്ഷ്യം പറയിപ്പിക്കലിലൂടെ മഹത്വപ്പെടുന്നത് ദൈവനാമമല്ല രോഗശാന്തി ശുശ്രൂഷക്കാരന്റെ നാമമാണ് എന്ന വസ്തുത നാം മനസ്സിലാക്കണം. രോഗശാന്തി ലഭിച്ചവരെകൊണ്ട് കർത്താവോ ശിഷ്യന്മാരോ ഒരിക്കൽ പോലും സാക്ഷ്യം പറയിപ്പിച്ചില്ല എന്ന സത്യവും ഇതോടുള്ള ബന്ധത്തിൽ ശ്രദ്ധേയമാണ്.
5. അവിശ്വാസികളെ വിശ്വസിപ്പിക്കാനാണ് ഇപ്രകാരം സാക്ഷ്യം പറയിപ്പിക്കുന്നത് എന്ന വാദത്തിലും കഴമ്പില്ല. വിശ്വാസം കേഴ്‌വിയാലും കേഴ്‌വി ദൈവത്തിന്റെ വചനത്താലും വരുന്നു എന്നത്രേ ദൈവവചനം പറയുന്നത്. യേശു രോഗശാന്തി നൽകുന്നവനായതുകൊണ്ടല്ല ജനം യേശുവിൽ വിശ്വസിക്കേണ്ടത്. നിത്യ ജീവൻ നൽകുവാൻ യേശുവിനല്ലാതെ മറ്റാർക്കും കഴിയുകയില്ല എന്ന ഒറ്റക്കാരണത്താൽ വേണം ജനം യേശുവിൽ വിശ്വസിക്കുവാൻ. രോഗശാന്തി ഉൾപ്പെടെയുള്ള മറ്റേല്ലാ അനുഗ്രഹങ്ങളും നിത്യജീവനോളം വിലമതിക്കാവുന്നതല്ല.

ഡിഫെൻഡർ രോഗശാന്തിക്ക് എതിരാണ് എന്നൊരു ധാരണയുണ്ട്. അതു തിരുത്തുക. ദൈവവചന വിരുദ്ധമായ രോഗശാന്തി, പ്രവചനം തുടങ്ങിയ തട്ടിപ്പുകൾക്കെതിരെ മാത്രമാണ് ഡിഫെൻഡർ പ്രതികരിക്കുന്നത്.

# ഡിഫെൻഡർ മറുപടി പറയുന്നു

? പ്രധാന കൺവൻഷൻ പ്രസംഗകരെല്ലാം ഒരു സീസണിലേക്ക് രണ്ടോ മൂന്നോ പ്രസംഗങ്ങൾ തയ്യാറാക്കുകയും ചെല്ലുന്നിടത്തെല്ലാം ഇതു തന്നെ പ്രസംഗിക്കുകയും ചെയ്യുന്നു. ഈ ഹീനമായ നടപടിക്കെതിരെ ഡിഫെൻഡർ പ്രതികരിക്കണം.

■ ഇത് ഹീനമായ നടപടി ആണെന്നതിന് രണ്ടു പക്ഷമില്ല. ഇതിനെതിരെ ഡിഫെൻഡർ മാത്രമല്ല വിശ്വാസികളും പ്രതികരിക്കണം.

കൺവൻഷൻ പ്രസംഗകർ എന്ന ഈ അത്ഭുത ജീവികൾ അത്യുഗ്രൻ ദൈവദാസന്മാരും മഹാ പണ്ഡിതരും മറ്റുമാണെന്നാണ് മിക്കവരും ധരിച്ചുവച്ചിരിക്കുന്നത്. ഈ ധാരണ തിരുത്തുകയാണ് ആദ്യം വേണ്ടത്. ഡിഫെൻഡർ സ്ഥിരമായി വായിക്കുന്നവർക്ക് ഇക്കൂട്ടരിലെ കള്ളന്മാരുടെ പട്ടിക മന:പാഠമായിരിക്കുമല്ലോ. ഡിഫെൻഡർ ഇതുവരേയും കണ്ടെത്താത്ത കള്ളന്മാരും ഉണ്ടാകാം. ആകയാൽ സൂക്ഷിക്കുക.

ഇനി ഇവരുടെ വചന പാണ്ഡിത്യത്തിന്റെ കാര്യം. ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചിട്ടുള്ളവർ ഇവരുടെ പ്രസംഗം കേട്ടാൽ തലതല്ലി ചിരിച്ചുപോകും. മോശയും ദാവിദും ഏലിയാവും മറ്റും ഉള്ളതുകൊണ്ട് ഇവർക്ക് അഷ്ടിക്കു മുട്ടുവരാറില്ല.

കുറെ വർഷങ്ങൾ പ്രസംഗിച്ചു കഴിയുന്നതോടെ ഇവരുടെ കയ്യിലെ സ്റ്റോക്ക് തീരും. അതോടെ പുതിയ വിഷയങ്ങൾ കണ്ടെത്താനുള്ള തത്രപ്പാടാരംഭിക്കും. ദൈവവചനം മനസ്സിരുത്തി പഠിക്കാൻ മനസ്സുണ്ടായാൽ വളരെ എളുപ്പം പരിഹരിക്കാവുന്ന പ്രശ്നമാണിത്. പക്ഷേ അതിനൊന്നും അവർ തയ്യാറല്ല. പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ എന്നതാണ് ഇവരുടെ പ്രമാണം. മോശയും ദാവീദും ഏലിയാവും തന്നെ ഇത്തവണത്തേയും വിഷയം. പക്ഷേ എല്ലാമൊന്ന് തിരിച്ചും മറിച്ചും ഇടുമെന്നു മാത്രം. പുതിയ ഒരു ആശയം പോലും ഉണ്ടാകില്ല. ശ്രോതാക്കളിൽ ഭൂരിപക്ഷത്തിനും വലിയ വിവരമില്ലാത്തതുകൊണ്ട് പ്രശ്നമൊന്നുമില്ല.

പെന്തക്കോസ്തു നേതാക്കന്മാരുടെ കാര്യമാണ് ഇതിലും കഷ്ടം. പ്രധാന ലോക്കൽ കൺവൻഷനുകളിലെല്ലാം ഇവരെ പ്രസംഗകരായി ക്ഷണിക്കും. അവിടെ പ്രസംഗിച്ച പ്രസംഗം തന്നെ ഇവർ ഡിസ്ട്രിക്ട് കൺവൻഷനുകളിലും പ്രസംഗിക്കും. സ്റ്റേറ്റ്/ജനറൽ കൺവൻഷനും ഇതേ പല്ലവിതന്നെ പാടും. നാണം എന്ന വാക്കിന്റെ അർത്ഥം പോലും ഈ ജളന്മാർക്കറിഞ്ഞുകൂടാ.

പുതിയ വിഷയം കിട്ടാതാകുമ്പോൾ പത്തും പതിനഞ്ചും വർഷം മുമ്പു പ്രസംഗിച്ച പ്രസംഗം വള്ളി പുള്ളി വിടാതെ പ്രസംഗിക്കുന്ന പഹയന്മാരുമുണ്ട്. ശ്രോതാക്കൾക്ക് ഓർമ്മശക്തി കുറവായത് ഇവരുടെയൊക്കെ ഭാഗ്യം.

താൻ കാണാപ്പാഠം പഠിച്ചുവച്ചിരിക്കുന്നതാണ് ഈ പ്രസംഗങ്ങൾ എന്ന് ശ്രോതാക്കൾ അറിയാതിരിക്കാൻ ചില ചെപ്പടി വിദ്യകളും ഇവരുടെ കൈവശമുണ്ട്. 'ദൈവജനം പ്രാർത്ഥിച്ചു കൊണ്ടിരിക്കണം, ദൈവം വചനത്തിന്റെ വാതിൽ തുറന്നുതരട്ടേ, നിങ്ങളോട് ദൈവത്തിനു ചിലത് പറയാനുണ്ട്, ദൈവം ദൂത് തരാൻ പ്രാർത്ഥിക്കണം' തുടങ്ങി പലതും ഇവർ പറയും. ദൈവം അപ്പോൾ കൊടുത്ത ദൂതാണ് തങ്ങൾ കേൾക്കുന്നതെന്ന് ശ്രോതാക്കൾ ധരിച്ചുപോകും. പക്ഷേ കാക്കത്തൊള്ളായിരം സ്റ്റേജുകളിൽ പ്രസംഗിച്ചുകഴിഞ്ഞതാണ് ഈ പ്രസംഗമെന്നതാണ് സത്യം. ഒരു കൺവൻഷൻ പ്രസംഗകനാകാൻ ഇത്തരം ചില ചെപ്പടിവിദ്യകൾ അറിഞ്ഞിരുന്നേ മതിയാകൂ.

പണം, പ്രശസ്തി, അധികാരം തുടങ്ങിയവ നേടിയെടുക്കുകയാണ് ഭൂരിപക്ഷം കൺവൻഷൻ പ്രസംഗകരുടേയും ലക്ഷ്യം. പ്രസംഗിക്കാൻ വരണമെങ്കിൽ എത്ര രൂപ പ്രതിഫലമായി കിട്ടണമെന്ന് മുൻകൂട്ടി പറയുന്ന പ്രസംഗകരുണ്ട്. കൊടുക്കുമ്പോൾ അതിൽ ഒരു രൂപാ കുറഞ്ഞാൽ പ്രസംഗകന്റെ വിധം മാറും. ഇവന്മാരും കഥാപ്രസംഗക്കാരും തമ്മിൽ ഒരു വ്യത്യാസവുമില്ല. ചില പ്രസംഗകർക്ക് ഒരു ടീമും സ്വന്തമായി ഉണ്ടായിരിക്കും. ടീമിനൊടൊപ്പം വരുന്നതിന് ഒരു റേറ്റ്, ഒറ്റക്ക് വരുന്നതിന് മറ്റൊരു റേറ്റ് എന്നിങ്ങനെയുള്ള വ്യത്യാസവുമുണ്ട്. ടീം സഹിതമല്ലാതെ വരില്ലാ എന്നു ശഠിക്കുന്നവരുമുണ്ട്.

ടീമിന് ഒരു വാഹനം, വാഹനം നിറയെ ആണുംപെണ്ണും അടങ്ങുന്ന ഒരു സംഘം, കുറെ വാദ്യോപകരണങ്ങൾ, മൈക്ക് സെറ്റ് തുടങ്ങിയവയെല്ലാമുണ്ടായിരിക്കും. ഈ ടീമിനെ വിളിച്ചാൽ മൈക്കുൾപ്പെടെ ഒന്നും സംഘാടകർ അന്വേഷിക്കേണ്ടതില്ല.അതുകൊണ്ട് നിരക്ക് അൽപം കൂടുതലാണെങ്കിലും ടീമിനെ തന്നെ വിളിക്കും. ഇത്തരം ടീമുകൾ ഭാവിയിൽ ''കുറഞ്ഞ ചെലവിൽ അടിപൊളിയായി കൺവൻഷൻ നടത്തി കൊടുക്കപ്പെടും'' എന്നു പരസ്യം ചെയ്യാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. ലവോദിക്യാ സഭയുടെ സ്ഥിതിയിൽ ആയിക്കഴിഞ്ഞിരിക്കുന്ന പെന്തക്കോസ്തിന് തികച്ചും അനുയോജ്യരാണ് ഈ പ്രസംഗകരും ടീമുകളും എന്നതിനു സംശയമില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# മറ്റൊരു മോനച്ചൻ എപ്പിസോഡ്

മോനച്ചൻ പ്രവാചകൻ കാട്ടിക്കൂട്ടിയിട്ടുള്ള വൃത്തികേടുകൾക്ക് അവസാനമില്ല. അവയിൽ ചിലതിനെപ്പറ്റി കഴിഞ്ഞ ലക്കങ്ങളിൽ വിശദീകരിച്ചിരുന്നല്ലോ. ഈ ലക്കത്തിലും അത്തരം ഒരു സംഭവം പറയാം.

ചില വർഷങ്ങൾക്കു മുമ്പ് ഒരു പാവപ്പെട്ട ഉപദേശിയുടെ അടുക്കൽ ഒരു കുടുംബം പ്രാർത്ഥനയ്ക്കായി എത്തി. അവരുടെ മകൾക്ക് ചില പ്രശ്നങ്ങളുണ്ട്. അതിനുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്. മകൾ എന്നു പറഞ്ഞത് പ്രായപൂർത്തിയാകാത്ത ഒരു കുട്ടിയെ സംബന്ധിച്ചാണ്. ഇവർ ക്രിസ്ത്യാനികൾ പോലുമല്ല. എങ്കിലും പെന്തക്കോസ്തുകാർ പ്രാർത്ഥിച്ചാൽ ഫലമുണ്ടാകുമെന്ന് കേട്ടറിഞ്ഞാണ് അവർ എത്തിയത്. പക്ഷേ ആ പാസ്റ്റർ ഒരു സാധുവായ മനുഷ്യനായിരുന്നു. ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവില്ല.

എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചിരിക്കുന്ന സമയത്താണ് മോനച്ചൻ പ്രവാചകൻ സ്ഥലത്തുണ്ട് എന്ന വാർത്ത ഈ പാസ്റ്റർ അറിയുന്നത്. ഉടൻ തന്നെ അദ്ദേഹം ആ കുടുംബത്തേയും കൂട്ടി പ്രവാചകനെ കാണാനെത്തി. ചെറിയ തോതിൽ ഒന്നു പ്രാർത്ഥിച്ചിട്ട് പ്രവാചകൻ പ്രഖ്യാപിച്ചു: 'കുറെ സമയമെടുത്ത് പ്രാർത്ഥിക്കേണ്ട കാര്യമാണിത്. അതുകൊണ്ട് ഈ കുട്ടി ഇവിടെ നിൽക്കട്ടെ. ഞാൻ രാത്രിയിൽ പ്രാർത്ഥിക്കാം. നിങ്ങൾ പോയിട്ട് നാളെ വരു.' അങ്ങനെ അവർ പോയി. പിറ്റേന്നു വന്ന് മകളെ കൂട്ടിക്കൊണ്ട് പോകുകയും ചെയ്തു. പക്ഷേ ആ പെൺകുട്ടിയുടെ സ്ഥിതി കൂടുതൽ വഷളായതേയുള്ളു. കാരണമെന്തെന്ന് മനസ്സിലായതുമില്ല.

എന്താണ് സംഭവിച്ചതെന്ന് ആ പെൺകുട്ടിതന്നെ പിന്നീട് മാതാപിതാക്കളെ അറിയിച്ചു. പ്രാർത്ഥനക്കെന്നു പറഞ്ഞ് തന്നെ വീട്ടിൽ നിർത്തിയ പ്രവാചകൻ രാത്രി മുഴുവൻ ലൈംഗികമായി പീഡിപ്പിക്കയായിരുന്നു. സംഭവം പുറത്തു പറഞ്ഞാൽ പ്രാർത്ഥിച്ചു കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഭയം മൂലമാണ് ഈ രഹസ്യം ഇതുവരെ ഒളിച്ചുവച്ചത്. ആ മാതാപിതാക്കൾ വളരെ പാവപ്പെട്ടവരായതുകൊണ്ടും സംഭവം പുറത്തറിഞ്ഞാൽ ഉണ്ടാകുന്ന നാണക്കേടോർത്തും കേസ്സിനു പോയില്ല. അതുകൊണ്ട് മോനച്ചൻ പ്രവാചകൻ ജയിലിൽ കയറേണ്ടതായി വന്നുമില്ല.

# ചാനലിന്റെ പേരു പറഞ്ഞ് ഷാജി സുകുമാരന്റെ തട്ടിപ്പ്

പെണ്ണ്, പണം എന്നിവയാണ് റവ.ഡോ.ഷാജി സുകുമാരന്റെ പ്രധാനപ്പെട്ട രണ്ടു വീക്ക്നസ്സുകൾ. (ശരിയായ വീക്കു കിട്ടിയാൽ തീരുന്ന പ്രശ്നങ്ങളാണിവ) ഈ മാന്യ ദേഹത്തിന്റെ മദനകാമലീലകളെപ്പറ്റി കഴിഞ്ഞ ലക്കങ്ങളിൽ വിശദീകരിച്ചിരുന്നല്ലോ. ഈ ലക്കത്തിൽ സാമ്പത്തിക വെട്ടിപ്പിനെ കുറിച്ച് പറയാം.

ഷാജി ഒരു സുവിശേഷ ടിവി ചാനൽ തുടങ്ങാൻ പോകുന്നതായി വ്യാപകമായ പരസ്യം നല്കിക്കൊണ്ടിരിക്കുകയാണ്. ഈ പേരു പറഞ്ഞ് പലരിൽ നിന്നായി ലക്ഷങ്ങൾ തട്ടിയെടുക്കുകയും ചെയ്തുകഴിഞ്ഞു. ഈ പരിപാടി അത്ര എളുപ്പമൊന്നും നടക്കുന്ന കാര്യമല്ലെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

കേബിൾ വഴിയായി ഇന്ത്യയിലും ഇന്റർനെറ്റ് വഴിയായി ലോകമെമ്പാടും സംപ്രക്ഷണം ചെയ്യാനാണ് പരിപാടി. ഇതിന് കോടിക്കണക്കിന് രൂപ ആവശ്യമായി വരും. ഈ പേരുപറഞ്ഞ് പണം പിരിച്ച് അമേരിക്കയിലേക്ക് മുങ്ങാനാണ് ഷാജിയുടെ പദ്ധതി.




# സുരേഷിന് വിസാ നഹി

നവംബർ-ഡിസംബർ മാസങ്ങളിൽ യൂക്കേയിൽ അത്ഭുതരോഗശാന്തിയുമായി അടിച്ചു പൊളിക്കാനായിരുന്നു സുരേഷ് ബാബുവിന്റെ പരിപാടി. അതിനാവശ്യമായ ക്രമീകരണങ്ങളും ചെയ്തിരുന്നു. പക്ഷേ മനസ്സിൽ കണ്ടതെല്ലാം വടികുത്തിപ്പിരിഞ്ഞു. അതിക്രൂരന്മാരായ ബ്രിട്ടീഷുകാർ സുരേഷ് ബാബുവെന്ന അന്തർദ്ദേശീയ സുവിശേഷകന് വീസ നിഷേധിച്ചു. കഴിഞ്ഞ വർഷം ഇവർ സുരേഷിന് വീസ നൽകിയതാണ്. എണ്ണിയാലൊടുങ്ങാത്ത ആത്ഭുതങ്ങൾ യൂക്കെയിൽ നടത്തി സുരേഷ് ആ രാജ്യത്തെ അനുഗ്രഹിക്കുകയും ചെയ്തതാണ്. എന്നിട്ടും ആ നന്ദി പോലുമില്ലാതെ യുക്കെസർക്കാർ സുരേഷിന് അതിക്രൂരമായി വീസ നിഷേധിച്ചുകളഞ്ഞു. യൂക്കെ സർക്കാറിനോട് സുരേഷിന്റെ ദൈവം ചോദിക്കട്ടെ.

# ഡാക്കിട്ടർക്കും തലൈവ

റവ.(ചുമ്മാ) ഡോ.ബാബു ജോർജ്ജ് (റാന്നി) കാക്കത്തൊള്ളായിരത്തി ഒന്നാം പ്രാവശ്യം അമേരിക്കൻ വീസ ലഭിക്കാൻ ഈയിടെ മദ്രാസിൽ പോയിരുന്നു. പക്ഷേ ഫലം നാസ്തി. ചങ്ങാതി ഇളിഭ്യനായി മടങ്ങി.

പണ്ട് കുവൈറ്റ് യുദ്ധം നടക്കുന്ന കാലത്ത് അമേരിക്കയ്ക്കെതിരെ ചിലർ റാന്നിയിൽ ഒരു ജാഥാ നടത്തുകയുണ്ടായി. ആര് എന്ത് പ്രോഗ്രാമിന് ക്ഷണിച്ചാലും ഈ വിദ്വാൻ പോകും. അങ്ങനെ ഈ റാലിയുടെ മുമ്പിലും ബാബു ജോർജ്ജ് ഉണ്ടായിരുന്നു. അതിനുശേഷം ഒരിക്കൽ ഇയാൾ അമേരിക്കൻ വീസക്കായി പോയി. ഈ വിവരം മുൻകൂട്ടി അറിഞ്ഞ ചിലർ ബാബു ജോർജ്ജ് ജാഥയുടെ മുമ്പിൽ നിൽക്കുന്ന ചിത്രം ചെന്നൈയിലുള്ള അമേരിക്കൻ കോൺസുലേറ്റിലേക്ക് അയച്ചുകൊടുത്തു. അതോടെ ബാബു ജോർജ്ജിന്റെ അമേരിക്കൻ സ്വപ്നം വാടിക്കരിഞ്ഞു. ഇതോന്നുമറിയാതെ അമേരിക്കൻ വീസക്കായി ആണ്ടിൽ നാലുവട്ടം ബാബു ജോർജ്ജ് ചെന്നൈയിലെത്തും. അതുതന്നെയാണ് ഇത്തവണയും സംഭവിച്ചത്.

# ഡേവീസിനെ സൂക്ഷിക്കുക

തൃശൂർക്കാരനായ ഡേവീസ് ജോസഫ് എന്ന കള്ളപ്രവാചകൻ വീണ്ടും അമേരിക്കയിലെത്തുന്നു. ദൈവമക്കൾ സൂക്ഷിക്കുക. ഇവൻ ദുർന്നടപ്പുകാരനാണ്. കഴിഞ്ഞ വർഷം ഒരു അമേരിക്കൻ വിസ സംഘടിപ്പിച്ച് ഇയാൾ സ്വപ്നഭൂമിയിലെത്തി. കള്ളപ്രവചനം പറഞ്ഞ് സാധുക്കളെ കബളിപ്പിച്ച് 15 ലക്ഷം രൂപ ഉണ്ടാക്കി. ഭർത്താവുമായി പിണങ്ങി നിൽക്കുന്ന ഒരു പണക്കാരിയുമായി ഇയാൾ അതിനിടയിൽ ബന്ധം സ്ഥാപിച്ചു. ബന്ധം ക്രമേണ അവിഹിതമായി. ആറുമാസം കഴിഞ്ഞ് ഇയാൾ തിരിച്ചുപോന്നു. ഏറെ താമസിയാതെ ആ സ്ത്രീ ഡേവീസിനെ തേടി തൃശൂരെത്തി. കുറച്ചു ദിവസങ്ങൾ ഇയാളോടൊപ്പം കഴിഞ്ഞിട്ട് മടങ്ങിപ്പോയി. ഈ സ്ത്രീയെ കാണാനാണ് ഡേവീസ് ഇപ്പോൾ വരുന്നത്.

# രാജുക്കുട്ടി സങ്കീർത്തനത്തിൽ പറയുന്നതു പച്ചക്കള്ളം



നവംബർ 27ന് പുറത്തിറങ്ങിയ സങ്കീർത്തനം ദ്വൈവാരികയിൽ ഓ.എം.രാജുക്കുട്ടി നൽകിയ അഭിമുഖത്തിൽ നല്ലൊരു പങ്ക് പച്ചക്കള്ളമാണ്. ഡിഫെൻഡർ രാജുക്കുട്ടിയുടെ തട്ടിപ്പുകൾ തെളിവുസഹിതം പുറത്തുകൊണ്ടുവന്നതോടെ രാജുക്കുട്ടിക്ക് ഭയമായി. തന്റെ സഭയിൽ വിപ്ലവമുണ്ടാകുമോ എന്ന് ഇയാൾ ഭയപ്പെടുന്നു. അതു തടയാനുള്ള ഒരു തന്ത്രമെന്ന നിലയ്ക്കാണ് സങ്കീർത്തനത്തിൽ അഭിമുഖം പ്രസിദ്ധീകരിച്ചത്. അഭിമുഖം പ്രസിദ്ധീകരിച്ച ലക്കത്തിന്റെ 20,000 കോപ്പികൾ രാജുക്കുട്ടി വാങ്ങി സ്വന്തനിലയിൽ വിതരണം നടത്തുകയുമുണ്ടായി.

ചില മാസങ്ങൾക്കു മുമ്പ് കെ.സി.ജോൺ ഹാലേലൂയ്യായിൽ ഒരു അഭിമുഖം പ്രസിദ്ധീകരിച്ചു. അതിന്റെ മറുപടി തുടർന്നുള്ള പത്തു ലക്കങ്ങളിൽ ഡിഫെൻഡർ പ്രസിദ്ധീകരിച്ചു. അതോടെ കെ.സി.ജോണിന്റെ നാവിറങ്ങി. വെളുക്കാൻ തേച്ചത് പാണ്ടായി എന്ന് പറഞ്ഞാൽ മതിയല്ലൊ. ഇതുതന്നെയാണ് രാജുക്കുട്ടിക്കും സംഭവിക്കാൻ പോകുന്നത്. അടുത്ത ലക്കം മുതൽ ഡിഫെൻഡറിന്റെ എട്ടാം പേജിൽ രാജുക്കുട്ടിക്കുള്ള മറുപടിയുണ്ടാകും. സങ്കീർത്തനത്തിൽ രാജുക്കുട്ടി പറഞ്ഞ കള്ളങ്ങൾ ഒന്നോന്നായി ഉദ്ധരിച്ചിട്ട് അവയ്ക്കുള്ള മറുപടികൾ തെളിവു സഹിതം ഡിഫെൻഡർ നൽകുന്നതാണ്. കൂടാതെ ഡബ്ളിയു.എം.ഇയുടെ പേരുപയോഗിച്ച് കേരള ഗവർണ്ണറെ വരെ കബളിപ്പിച്ചതിന്റെ തെളിവുകളും ഡിഫെൻഡർ ഹാജരാക്കും. അതോടെ രാജുക്കുട്ടി പടുത്തുയർത്തിയ ചീട്ടുകൊട്ടാരം തകർന്നുവീഴും.

രാജുക്കുട്ടിയുടെ ശ്രദ്ധയ്ക്ക്: ഇരുമ്പുലക്ക വിഴുങ്ങിയിട്ട് ചുക്കുകഷായം കുടിച്ചതുകൊണ്ടു ഫലമില്ല.

രാജുക്കുട്ടിയുടെ പുതിയ സംഘടനയുടെ ഭരണഘടനയും രാജുക്കുട്ടി നടത്തിവരുന്ന തട്ടിപ്പുകളുടെ വിശദവിവരങ്ങളും ഡിഫെൻഡറിന്റെ സൈറ്റിലുണ്ട്.

# ടി.ജെ. പട്ടിണിയിരിക്കുന്നു

ടി.ജെ.ശമുവൽ കുറെ ദിവസങ്ങളായി പട്ടിണിയിലാണ്. അരിമേടിക്കാൻ കാശില്ലാത്തതുകൊണ്ട് പട്ടിണിയിലായതല്ല, ഉപവാസം എന്ന പേരിൽ പട്ടിണി കിടക്കുകയാണ്. ഇതു കണ്ട് ദൈവം പേടിക്കുമെന്നും ടി.ജെ.ശാമുവൽ വരക്കുന്ന വരയിലൂടെ ദൈവം നടക്കുമെന്നും ഒക്കെയാണ് പ്രതീക്ഷ. പക്ഷേ ദൈവം അത്രക്കു വിഡ്ഢിയല്ലെന്ന് ടി.ജെ. അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു.

എന്തിനാണു ടി.ജെ. ഉപവസിക്കുന്നത്? കാരണങ്ങൾ പലതാണ്. ഒന്നാമതായി ഡിഫെൻഡറിന്റെ ശല്യം സഹിക്കാവുന്നതിലും അപ്പുറമായിരിക്കുന്നു. എങ്ങനെയെങ്കിലും ഡിഫെൻഡർ പൂട്ടിക്കണം. സഭയിലെ പ്രശ്നങ്ങളും കഠിനം തന്നെ. പുനലൂർ ടൗൺ സഭ, തൊടുപുഴ സഭ, കാട്ടാക്കട സഭ തുടങ്ങിയിടത്തെല്ലാം പ്രശ്നമാണ്. ഉപവസിക്കാതെ എന്തു ചെയ്യും?



# മുല്ലക്കര ഡിഫെൻഡറിന് ജോലിയുണ്ടാക്കരുത്

അദ്ധ്യാപകരാകാൻ ചില യോഗ്യതകളൊക്കെ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രൈമറി സ്കൂളിൽ ടി.ടി.സി., ഹൈസ്ക്കൂളിൽ ബി.എഡ്. എന്നിങ്ങനെ പോകുന്നു അത്. പക്ഷേ ദൈവ വചനമായ ബൈബിൾ പ്രസംഗിക്കാനും പഠിപ്പിക്കാനും ഒരു യോഗ്യതയും വേണ്ട എന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്.

ദേവസ്യ മുല്ലക്കര ദൈവ വചനം വസ്തുനിഷ്ഠമായി പഠിച്ചിട്ടില്ല. എങ്കിലും കത്തോലിക്കരുടെ ഇടയിൽ പ്രസംഗിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ബൈബിളിലെ കുറേ കഥകൾ സാരോപദേശത്തിന്റെ മേമ്പൊടിയോടെ വിവരിച്ചാൽ സാധാരണക്കാർക്കുള്ള പ്രസംഗമായി.

പ്രസംഗ വിഷയം കണ്ടെത്താനായി മുല്ലക്കര ബൈബിൾ വായിച്ചപ്പോൾ സ്വാഭാവികമായും കുറെ സത്യങ്ങൾ കണ്ടെത്തി. അറിഞ്ഞ സത്യം തുറന്നു പറയാൻ തുടങ്ങിയതോടെ മുല്ലക്കര കത്തോലിക്ക സഭയ്ക്ക് അഹിതനായി. ഒടുവിൽ സഭയ്ക്ക് പുറത്താകുകയും ചെയ്തു.

വീണ്ടും ജനനത്തിന്റെ ആവശ്യകത ബോധ്യമായപ്പോൾ മുല്ലക്കര വീണ്ടും ജനനം പ്രാപിച്ചു. സ്നാനം ആവശ്യമാണെന്ന് ബോധ്യമായപ്പോൾ സ്നാനപ്പെടുകയും ചെയ്തു. അത്രയും നന്ന്. പക്ഷേ ഇതോടെ എല്ലാം ആയി എന്ന ധാരണയിലാണ് ഇപ്പോൾ മുല്ലക്കര. ഡിഫെൻഡർ മുല്ലക്കരയെ ഒരു ആത്മീയ ശിശുവായാണ് കാണുന്നത്. അതുകൊണ്ടത്രേ മുല്ലക്കരയെ ഏറെയൊന്നും വിമർശിക്കാതിരുന്നത്. പക്ഷേ ഈ പിള്ളേരുകളി ഇപ്പോൾ സകല അതിരും ഭേദിച്ചിരിക്കുകയാണ്. പൊന്നിൻ സൂചികൊണ്ട് കണ്ണിൽ കുത്തിയാലും കണ്ണു പൊട്ടും. അതുകൊണ്ട് ചിലതെല്ലാം പറയാതെ നിവൃത്തിയില്ലാതായിരിക്കയാണ്.

ഈയിടെ ടി.വി.യിൽ കണ്ട മുല്ലക്കരയുടെ ഒരു പ്രസംഗം അത്യന്തം അപകടകരമാണെന്ന് പറയാതെ വയ്യ. പ്രജാപതിയെ പ്രസംഗിച്ചു കൊണ്ടു നടന്ന വിഡ്ഢികൾ കഴിഞ്ഞ കാലങ്ങളിൽ എഴുന്നെള്ളിച്ച വിഡ്ഢിത്തങ്ങളാണ് മുല്ലക്കര ഇപ്പോൾ സ്വന്തം കണ്ടുപിടുത്തമായി അവതരിപ്പിക്കുന്നത്. ഉദാഹരണത്തിന്, യേശു നാരായണനാണത്രേ. വെള്ളത്തിന്റെ മുകളിൽ കിടക്കുന്നവനാണ് നാരായണൻ. യേശു വെള്ളത്തിന്റെ മുകളിലൂടെ നടന്നിട്ടുണ്ട്. അതുകൊണ്ട് യേശു നാരായണനാണ്. ബലേ ഭേഷ് എന്നല്ലാതെ എന്തു പറയാൻ.

ഇത്തരം ഒരു കണ്ടുപിടുത്തം ചില വർഷങ്ങൾക്കു മുമ്പ് പടിഞ്ഞാറേക്കര നടത്തുകയുണ്ടായി. അത് അദ്ദേഹം കവിത പോലെ ഒരു സാധനമാക്കുകയും ചെയ്തു. 'നീരിലയനവും ചെയ്തൊരീ മാനവൻ നാരായണൻ തന്നെയാണേ' എന്നത്രേ പടിഞ്ഞാറേക്കര പറഞ്ഞത്. കൂടാതെ 'ശോഭ മനുഷ്യർക്കരുളും പ്രഭാകരൻ ഭാസ്ക്കരനെന്നും വിളിക്കാം' എന്നും പടിഞ്ഞാറേക്കര പറഞ്ഞു. വ്യാഖ്യാനം ഈ വഴിക്കാണ് പോകുന്നതെങ്കിൽ യേശുവിനെ കുരങ്ങനും പെരുച്ചാഴിയുമൊക്കയാക്കാം. 'വാനത്തിലേയ്ക്കു കയറിയവനാകയാൽ വാനരനെന്നും വിളിക്കാം','ഭൂമിതൻ ആഴത്തിൽ പൊയവനാകയാൽ പെരുച്ചാഴിയെന്നും വിളിക്കാം' എന്നൊക്കെ എഴുതി വച്ചാൽ മതിയല്ലോ.

പേരിന്റെ അർത്ഥം ശരിയായാൽ മതിയെങ്കിൽ മിക്ക ഹൈന്ദവ ദേവന്മാരേയും യേശുവാക്കാം. ഇന്ദ്രൻ എന്നാൽ രാജാവ് എന്നർത്ഥം. മുഴുലോകത്തിന്റേയും അധിപതിയായ യേശു ഇന്ദ്രനല്ലേ? ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണെന്ന് ബൈബിൾ പറയുന്നു. അപ്പോൾ ബൈബിളിലെ ദൈവവും അഗ്നിഭഗവാനും ഒന്നല്ലേ? ധർമ്മത്തിന്റെ പ്രതീകമായ യേശു യമധർമ്മനല്ലേ? ആദ്യനും അന്ത്യനുമായ യേശു സാക്ഷാൽ അനന്തനല്ലേ? ഇങ്ങനെ കുറച്ചധികം പറയാൻ കഴിയും.

ഹൈന്ദവ ദൈവങ്ങളെ മാത്രമല്ല അന്യദൈവങ്ങളെന്ന് ബൈബിളിൽ പേരെടുത്തു വിളിച്ചിരിക്കുന്ന ദേവന്മാരേ പോലും പേരിന്റെ അർത്ഥം വച്ചു വ്യാഖ്യാനിച്ചാൽ യേശുവാക്കാം. ബാൽ ദേവൻ തന്നെ നല്ല ഉദാഹരണം. ബാൽ എന്ന വാക്കിന് കർത്താവ് എന്നാണ് അർത്ഥം. അങ്ങനെയെങ്കിൽ ബാൽ കർത്താവല്ലേ?

ചില മാസങ്ങൾക്കു മുമ്പ് മുല്ലക്കര പ്രജാപതിയെ ക്രിസ്തുവാക്കി പ്രസംഗിച്ചു. പ്രജാപതി എന്നത് ചുക്കാണോ ചുണ്ണാമ്പാണോ എന്നറിയാതെയാണ് മുല്ലക്കര ഇങ്ങനെ പറഞ്ഞത്. സ്വന്തം മകളെ ഭാര്യയാക്കിയതിന് ദേവന്മാർ കൊന്നുകളഞ്ഞ വേദത്തിലെ പ്രജാപതി എങ്ങനെയാണാവോ ക്രിസ്തുവാകുക. ആരോക്കെയോ പറയുന്നതു കേട്ട് മുല്ലക്കരയും ഹൈന്ദവ പണ്ഡിതൻ ചമഞ്ഞതാണ് പ്രശ്നത്തിന് വഴി വച്ചത്.

മൂക്കാതെ പഴുക്കുക എന്നൊരു ചൊല്ലുണ്ട്. മുല്ലക്കരക്കും പറ്റിയത് അതാണ്. കാര്യമായി ഒന്നും പഠിക്കാതെ പ്രസംഗകനായി. രോഗശാന്തിക്കാരൻ എന്ന പരിവേഷമുണ്ടായിരുന്നതുകൊണ്ട് പ്രസംഗത്തിലെ പോരായ്മ പ്രശ്നമായില്ല. മാത്രമല്ല ബൈബിളിൽ വലിയ പരിജ്ഞാനമുള്ളവരൊന്നുമായിരുന്നില്ല ശ്രോതാക്കൾ. പക്ഷേ മുല്ലക്കരയുടെ പ്രസംഗങ്ങൾ ടി.വി.യിലൂടെ സംപ്രേക്ഷണം ചെയ്യുന്നതുകൊണ്ട് എല്ലാത്തരം ആൾക്കാരും അത് കേൾക്കാനിടയാകുന്നു. പൊതുജനങ്ങളുടെ മുമ്പിൽ ദൈവ വചനമെന്ന വ്യാജേന വിവരക്കേടെഴുന്നള്ളിക്കുന്നത് കേട്ടുകൊണ്ടിരിക്കാൻ ഡിഫെൻഡറിനാവില്ല. യേശുക്രിസ്തു വീണ്ടും ജനനം പ്രാപിച്ചു എന്നു വരെ മുല്ലക്കര പ്രസംഗച്ചു എന്നു പറയുമ്പോൾ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാമല്ലോ.

മുല്ലക്കര ഇത്തരം വിഡ്ഢിത്തങ്ങൾ പ്രസംഗിക്കുന്നതിന് പെന്തക്കോസ്ത് നേതാക്കന്മാരും ഒരു അതിരുവരെ ഉത്തരവാദികളാണ്. കത്തോലിക്ക സഭ വിട്ട് മുല്ലക്കര സത്യവിശ്വാസത്തിലേക്ക് വന്നപ്പോൾ സ്വീകരിക്കാൻ പ്രമുഖ പെന്തക്കോസ്ത് നേതാക്കന്മാരെല്ലാം ഓടിയെത്തി. അത് തെറ്റായിപ്പോയി എന്ന് ഡിഫെൻഡർ പറയുന്നുമില്ല. പക്ഷേ അതിനുശേഷം ഈ നേതാക്കന്മാർ ചെയ്യേണ്ട ചില കാര്യങ്ങൾ ഉണ്ടായിരുന്നു. മുല്ലക്കരക്ക് അടിസ്ഥാന വേദോപദേശങ്ങൾ പഠിപ്പിച്ചുകൊടുക്കാനുള്ള ബാധ്യത ഈ നേതാക്കന്മാർക്കുണ്ടായിരുന്നു. കത്തോലിക്ക വിശ്വാസവും ദൈവസഭയും തമ്മിലുള്ള വ്യത്യാസം എന്തെന്ന് വിശദീകരിക്കേണ്ടതായിരുന്നു. ഇതൊന്നും ഈ നേതാക്കന്മാർ ചെയ്തില്ല. എന്നാൽ ചെയ്യാൻ പാടില്ലാത്തത് പലതും ചെയ്യുകയും ചെയ്തു. മുല്ലക്കര വിളിച്ചുകൂട്ടിയ പെന്തക്കോസ്ത് നേതൃസമ്മേളനം തന്നെ നല്ല ഉദാഹരണം. പെന്തക്കോസ്തിനേക്കുറിച്ച് ഒരു ചുക്കും ചുണ്ണാമ്പും അറിഞ്ഞുകൂടാത്ത മുല്ലക്കര പഠിപ്പിക്കുന്നു. പെന്തക്കോസ്തിലെ നേതാക്കന്മാർ വായും പൊളിച്ചിരുന്നു പഠിക്കുന്നു. കഷ്ടമെന്നല്ലാതെ എന്തു പറയാൻ. നമ്മുടെ ഗജരാജ മന്ത്രി പറഞ്ഞതുപോലുള്ള ഗദപ്രയോഗം മാത്രമേ ഇതിനൊക്കെ പരിഹാരമുള്ളു.

ദേവസ്യ മുല്ലക്കര മാനസാന്തരപ്പെട്ടു, സ്നാനപ്പെട്ടു. അങ്ങനെ രണ്ടു ക്ലാസ് പാസ്സായി. അത്രയും നല്ലത്. പക്ഷേ മുല്ലക്കരയിപ്പോൾ മൂന്നാം ക്ലാസ്സിൽ പഠിക്കുകയാണ്. രണ്ടാം ക്ലാസ് പാസ്സായി എന്നത് മോശം കാര്യമാണെന്ന് പറയാനാവില്ല. പക്ഷേ രണ്ടാം ക്ലാസ് പരീക്ഷയാണ് ലോകത്തിലെ ഏറ്റവും വലിയ പരീക്ഷ എന്നും അതു പാസ്സായതോടെ എല്ലാം തികഞ്ഞു എന്നും ധരിച്ചുനിൽക്കുന്ന മുല്ലക്കരയെ വസ്തുതകൾ പറഞ്ഞ് മനസ്സിലാക്കേണ്ട ബാധ്യത പെന്തക്കോസ്ത് നേതാക്കന്മാർക്കുണ്ട്. അത് അവർ ചെയ്യുന്നില്ലെന്നുമാത്രമല്ല ഈ മൂന്നാം ക്ലാസ്സുകാരന്റെ വികൃതികൾ കണ്ട് കയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയുമാണ്.

മുല്ലക്കരയോട് ഡിഫെൻഡറിന് പറയാനുള്ളതിതാണ്: വിവരക്കേടെഴുന്നള്ളിച്ച് ഡിഫെൻഡറിന് പണിയുണ്ടാക്കരുത്.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# ശവസംസ്കാരം ആത്മീയ ശുശ്രൂഷയാണെന്നോ?

ശുശ്രൂഷ എന്ന വാക്കിന് വിപുലമായ അർത്ഥമാണുള്ളത് നാം തെറ്റിദ്ധരിക്കുന്നതുപോലെ ആത്മീയ ശുശ്രൂഷ മാത്രമല്ല ശുശ്രൂഷ. ഒരു നേഴ്സ് രോഗിയെ ശുശ്രൂഷിക്കുന്നു. നമ്മുടെ വീട്ടിൽ വരുന്ന അതിഥിക്ക് നാം ഭക്ഷണ പാനീയങ്ങൾ നൽകുന്നു. ആപത്തിൽ അകപ്പെട്ട ഒരു വ്യക്തിക്ക് മറ്റൊരാൾ സഹായം ചെയ്യുന്നു. ഇതൊക്കെ ശുശ്രൂഷകളാണ്, പക്ഷേ ഇവയൊന്നും ആത്മീയ ശുശ്രൂഷകളല്ല. രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും നിരീശ്വര വാദികളും മനുഷ്യരായി പിറന്ന ഏവരും ഇതൊക്കെ ചെയ്യും. പക്ഷേ ആത്മീയ ശുശ്രൂഷ ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ്.

എന്താണ് ആത്മീയ ശുശ്രൂഷ? കർത്താവ് കൽപിച്ചതും അപ്പോസ്തലന്മാർ ചെയ്തതും ലേഖനത്തിൽ ഉപദേശമുള്ളതുമായ കർമ്മങ്ങളാണ് ആത്മീയ ശുശ്രൂഷകൾ. സ്നാനം, തിരുവത്താഴം എന്നിവയാണ് ഇത്തരത്തിലുള്ള രണ്ട് കർമ്മങ്ങൾ. ഓഡിനേഷൻ, രോഗികൾക്ക് എണ്ണ പൂശി പ്രാർത്ഥിക്കൽ എന്നിവയും ആത്മീയ ശുശ്രൂഷകളായി പരിഗണിക്കുന്നതിൽ തെറ്റില്ല. പക്ഷേ വിവാഹ ശുശ്രൂഷ, ശവസംസ്കാര ശുശ്രൂഷ, ശിശുപ്രതിഷ്ഠാ ശുശ്രൂഷ, ഭവനപ്രതിഷ്ഠാ ശുശ്രൂഷ, കാലുനാട്ടൽ ശുശ്രൂഷ, കേക്ക് മുറിക്കൽ ശുശ്രൂഷ, യാത്രയയപ്പ് ശുശ്രൂഷ, ശാപം മുറിക്കൽ ശുശ്രൂഷ തുടങ്ങി എണ്ണിയാൽ ഒടുങ്ങാത്ത ശുശ്രൂഷകൾ പെന്തക്കോസ്തിലുണ്ട്. ഇവയൊക്കെ ആത്മീയ ശുശ്രൂഷകളാണെന്നും ഓർഡിനേഷൻ ലഭിച്ച പാസ്റ്റർമാർ മാത്രമേ ഇതൊക്കെ ചെയ്യാവു എന്നുമാണ് നമ്മുടെ ധാരണ. പക്ഷേ ഇതിനൊക്കെ ദൈവ വചനത്തിൽ ആധാരമുണ്ടോ എന്ന് നാം പരിശോധിക്കാറില്ല.




രാജ്യത്തെ നിയമമനുസരിച്ച് വിവാഹം നടത്തേണ്ടതാണ്. നവദമ്പതികളെ സഭ ആശീർവദിക്കുന്നതും നല്ലതുതന്നെ. പക്ഷേ വിവാഹം എന്നൊരു ശുശ്രൂഷ ഏതെങ്കിലും ഒരു ദൈവദാസൻ നടത്തിയതായി ദൈവ വചനത്തിൽ കാണുന്നുമില്ല. ഈ വിഷയത്തെപ്പറ്റി ചില മാസങ്ങൾക്ക് മുമ്പ് വിശദമായ ലേഖനം പ്രസിദ്ധീകരിച്ചിരുന്നതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല.

ശവസംസ്കാര ശുശ്രൂഷ എന്നൊരു ശുശ്രൂഷയുണ്ടോ എന്ന വിഷയമാണല്ലോ നാം പഠനവിധേയമാക്കുന്നത്. പുതിയ നിയമത്തിൽ ഒരു സ്ഥലത്തുപോലും ഇത്തരം ഒരു ശുശ്രൂഷയെപ്പറ്റി പരാമർശമില്ല. സഭയുടെ ആദ്യത്തെ രക്തസാക്ഷിയായ സ്തേഫാനോസിന്റെ ശവസംസ്ക്കാരത്തെപ്പറ്റി ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: 'ഭക്തിയുള്ള പുരുഷന്മാർ സ്തേഫാനോസിനെ അടക്കം ചെയ്തു'(പ്രവൃ.8:2). ഇത്ര വലിയൊരു സംഭവം നടന്നിട്ടും ശവമടക്കാൻ ഒരപ്പോസ്തലനും വന്നില്ല. മറ്റ് ദൈവദാസന്മാരുടെ ശവസംസ്ക്കാരത്തെപ്പറ്റി ബൈബിളിൽ സൂചനപോലുമില്ല.

ശവസംസ്ക്കാരം എന്നത് ഒരു ആത്മീയ ശുശ്രൂഷയായി ദൈവസഭ കണക്കാക്കിയിരുന്നില്ല എന്ന് പുതിയ നിയമം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു. പക്ഷേ ഇന്നത്തെ പെന്തക്കോസ്ത് സഭയിൽ 'പൂർവ്വാധികം ഭംഗിയായി' നടത്തപ്പെടുന്ന ഒരു അത്യുഗ്രൻ ശുശ്രൂഷയാണ് ശവസംസ്ക്കാര ശുശ്രൂഷ.

പ്രാദേശിക സഭയിൽ ആരെങ്കിലും മരിച്ചാലുടൻ സെന്റർ പാസ്റ്ററെ വിവരമറിയിക്കണം. ശവസംസ്ക്കാരത്തിന്റെ നിയന്ത്രണം പിന്നീട് സെന്റർ പാസ്റ്ററുടെ കയ്യിലാണ്. മരിച്ചത് സാധാരണക്കാരനാണെങ്കിൽ സെന്റർ പാസ്റ്ററേക്കാൾ വലിയവരാരും എത്തുകയില്ല. പക്ഷേ മരിച്ചത് പണക്കാരനാണെങ്കിൽ സഭയുടെ ഏറ്റവും വലിയ നേതാവുൾപ്പെടെയുള്ളവർ എത്തും. അറിഞ്ഞും കേട്ടും ആ പ്രദേശത്തുള്ള എല്ലാ പാസ്റ്റർമാരും എത്തും. പിന്നെ ശവസംസ്ക്കാര ശുശ്രൂഷ ആരംഭിക്കുകയായി.

ശുശ്രൂഷയ്ക്ക് മൈക്ക് സെറ്റ് നിർബ്ബന്ധം. പണമുള്ളവർ ഗായകസംഘത്തേയും വിളിക്കും. വരുന്ന പാസ്റ്റർമാർ എല്ലാം 'അനുമോദനവും ആശംസയും' പറയും. മരിച്ചുകിടക്കുന്ന വ്യക്തിയെ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത വ്യക്തികൾ വരെ പരേതന്റെ ഗുണഗണങ്ങൾ വാഴ്ത്തിപ്പാടും. ഈ വധം മണിക്കൂറുകളോളം തുടരും. ഇതെല്ലാം കഴിഞ്ഞ് ദിവ്യൻമാരുടെ ഊഴമാകും. അവരും അറുബോറൻ ആശംസകൾ പറയും. എല്ലാം കഴിഞ്ഞാണ് സാക്ഷാൽ ശുശ്രൂഷ ആരംഭിക്കുക. മരണവുമായി ബന്ധപ്പെട്ട് ബൈബിളിലുള്ള വാക്യങ്ങൾ വിവിധ പാസ്റ്റർമാർ കൂർബ്ബാന ചൊല്ലുന്ന ഈണത്തിൽ വായിക്കും. അതിനിടയിൽ വിവിധതരം പാട്ടുകൾ, പ്രാർത്ഥനകൾ തുടങ്ങിയ വൈതരണികളും ഉണ്ടാകും. എല്ലാം കഴിഞ്ഞ് പ്രധാന ദിവ്യൻ ഉശിരൻ ഒരു പ്രാർത്ഥനയും നടത്തും.

വല്ലവിധേനയും ശവം സെമിത്തേരിയിൽ എത്തിച്ചാലും ശുശ്രൂഷയുടെ വള്ളിക്കെട്ട് അവസാനിക്കുകയില്ല. ഒരു പ്രാർത്ഥനയോടെ വീണ്ടും ശുശ്രൂഷ ആരംഭിക്കും. പാട്ട്, പ്രസംഗം, വാക്യം വായന, ഒടുക്കത്തെ പ്രാർത്ഥന തുടങ്ങിയവയ്ക്ക് ശേഷം ശവം കുഴിയിൽ വയ്ക്കുന്നു. 'മനുഷ്യാ നീ മണ്ണാകുന്നു' എന്നു പറഞ്ഞുകൊണ്ട് പ്രധാന ദിവ്യൻ അൽപം മണ്ണെടുത്ത് പെട്ടിയുടെ മുകളിൽ ഇടുന്നു. തുടർന്ന് മറ്റു പാസ്റ്റർമാരും സാധാരണ ജനങ്ങളും മണ്ണിടുന്നു. അതുകഴിഞ്ഞാണ് കുഴി മൂടാനായി തൂമ്പാകൊണ്ട് മണ്ണിടുന്ന ശുശ്രൂഷ ആരംഭിക്കുന്നത്. എല്ലാം കഴിഞ്ഞ് പഴം, ബൺ തുടങ്ങിയ വിഭവങ്ങൾ വിതരണം ചെയ്യും. അതിനു ശേഷം സാധാരണക്കാർ മടങ്ങിപ്പോകും. പാസ്റ്റർമാർ തലയും ചൊറിഞ്ഞ് ചുറ്റിപ്പറ്റി നിൽക്കും. 'മരണമണി' കിട്ടാതെ പോകാൻ പറ്റില്ലല്ലോ.

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ ശവസംസ്ക്കാരത്തിന് ഈ വക കോലാഹലങ്ങൾ ഒന്നും പാടില്ലാ എന്ന് എന്റെ കുടുംബാംഗങ്ങളോടും പാസ്റ്ററോടും പ്രത്യേകം പറഞ്ഞിട്ടുണ്ട്. മൈക്ക് പാടില്ല. പാട്ടു പാടുന്നതിൽ തെറ്റില്ല. വരുന്നവരെല്ലാം ആശംസ പറയുന്ന പരിപാടി വേണ്ടേ വേണ്ടാ. ഞങ്ങളുടെ പാസ്റ്ററുടെ നേതൃത്വത്തിൽ കാര്യങ്ങൾ നടത്തണം. വലിയന്മാരെ ഒരുത്തരേയും വിളിക്കരുത്. അറിഞ്ഞു കേട്ട് വന്നാലും പ്രസംഗിക്കാനോ പ്രാർത്ഥിക്കാനോ സമയം കൊടുക്കരുത്.

ശവസംസ്ക്കാരത്തിനു നിശ്ചയിച്ചിരിക്കുന്ന സമയം അടുക്കാറാകുമ്പോൾ പാസ്റ്റർ നിത്യ രക്ഷയെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും ലളിതമായ ഭാഷയിൽ പ്രസംഗിക്കണം. ഈ വിശ്വാസവും പ്രത്യാശയും ഉള്ളവനായിരുന്നു പരേതൻ എന്നും പറയണം. അതിനുശേഷം പരേതന്റെ കുടുംബത്തിനുവേണ്ടിയും സന്നിഹിതരായിരിക്കുന്നവരുടെ രക്ഷക്കായും പ്രാർത്ഥിക്കണം.

ശവം സെമിത്തേരിയിൽ എത്തിച്ചശേഷം പ്രാർത്ഥനയോ മറ്റ് കലാപരിപാടികളോ വേണ്ട. മണ്ണിടലും ബണ്ണുതിന്നലും മരണമണികൊടുക്കലും നിർബ്ബന്ധമായും ഒഴിവാക്കണം.

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് - 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9447414608**



RNI No. 68089 / 97
2008 December 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# രോഗങ്ങൾ: ബൈബിൾ എന്തു പറയുന്നു?

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ വിശ്വാസത്തിൽ വന്നിട്ട് മുപ്പത്തഞ്ച് വർഷത്തോളമായി. രോഗം, പട്ടിണി, അപകടങ്ങൾ തുടങ്ങിയവ പരീക്ഷകൾ എന്ന നിലയിലാണ് വിശ്വാസികൾ അക്കാലത്ത് പരിഗണിച്ചിരുന്നത്. ഇത്തരം പരീക്ഷകളിൽ വിജയിക്കാൻ കർത്താവ് സഹായിച്ചതിന്റെ സാക്ഷ്യങ്ങൾ മിക്കവർക്കും സഭായോഗത്തിനു പറയാനുണ്ടാകും. എന്നാൽ ഇന്ന് അതല്ല സ്ഥിതി. രോഗമോ പട്ടിണിയോ അപകടമോ ഉണ്ടായാൽ അതു ദൈവശിക്ഷയായി കണക്കാക്കുന്നു. സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവരുടെ നോട്ടീസുകളിൽ രോഗം, ദാരിദ്ര്യം, അപകടം തുടങ്ങിയവ ശാപത്തിന്റെ ലക്ഷണങ്ങളായാണ് വിവക്ഷിക്കുന്നത്. അതുകൊണ്ട് ഈ വിഷയത്തെപ്പറ്റി ദൈവവചന വെളിച്ചത്തിൽ പഠനം നടത്തുകയാണ്. മറ്റു കഷ്ടതകളുടെ പ്രതീകമെന്ന നിലയ്ക്ക് രോഗത്തെക്കുറിച്ചു മാത്രമാണ് ഇവിടെ വിവരിക്കുന്നത്.

വിശ്വാസികൾക്ക് രോഗമുണ്ടാകുകയില്ല എന്നും രോഗങ്ങൾ ശാപം മൂലം ഉണ്ടാകുന്നതാണ് എന്നുമത്രേ പ്രോസ്പരറ്റിക്കാരുടെ വാദം. ഇതു ശരിയാണെങ്കിൽ അന്ധത ബാധിച്ച ഇസ്ഹാക്ക്, മഹാരോഗിയായി മാറിയ ഇയ്യോബ്, ആജീവനാന്തം വ്രണം നിറഞ്ഞവനായി കിടന്ന ദരിദ്രൻ തുടങ്ങിയവർ ശപിക്കപ്പെട്ടവരാണെന്ന് പറയേണ്ടിവരും. എന്നാൽ ദൈവ വചനം വസ്തുനിഷ്ഠമായി പഠിച്ചാൽ, വിശ്വാസിക്ക് വിവിധ കാരണങ്ങളാൽ രോഗമുണ്ടാകാം എന്നു മനസ്സിലാക്കാം.

1. രോഗാണുക്കൾ മൂലമുണ്ടാകുന്ന രോഗങ്ങൾ വിശ്വാസിക്കും അവിശ്വാസിക്കും ഒന്നുപോലെയുണ്ടാകും. അടുത്ത കാലത്തുണ്ടായ ചിക്കുൻ ഗുനിയ തന്നെ നല്ല ഉദാഹരണം.
2. വാർദ്ധക്യസഹജമായ അസുഖങ്ങൾ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വ്യത്യാസമില്ലാതെ ഏവർക്കുമുണ്ടാകും. അതുകൊണ്ടാണ് ഇസഹാക്കിന് അന്ധതയുണ്ടായതും എലീശായ്ക്ക് മരിക്കത്തക്ക രോഗം പിടിച്ചതും. ഇന്നും ഇതൊക്കെത്തന്നെ സംഭവിക്കുന്നു. രക്താതിസമ്മർദ്ദം, ഹൃദ്രോഗം, പ്രമേഹം തുടങ്ങിയവ ഉദാഹരണമായെടുക്കാം. എത്ര വലിയ പ്രോസ്പരറ്റി പറയുന്നവനും വെള്ളെഴുത്തു ബാധിക്കാറുണ്ട്. കണ്ണട ഉപയോഗിക്കാതെ വായിക്കാൻ പറ്റുന്നുമില്ല. വിശ്വാസിക്കു രോഗമുണ്ടാകുകയില്ല എന്ന് ഈ വിദ്വാൻ പ്രസംഗിക്കുന്നത് കണ്ണട വച്ചുകൊണ്ടാണ്.
3. അപകടങ്ങൾ മൂലമുണ്ടാകുന്ന രോഗങ്ങളും അവിശ്വാസിക്കെന്നപോലെ വിശ്വാസിക്കുമുണ്ടാകും. വിശ്വാസിക്ക് അപകടമുണ്ടാകുകയില്ല എന്ന് പഠിപ്പിക്കുന്നവരുണ്ട്. 'എനിക്ക് ഒരിക്കലും അപകടമരണമുണ്ടാകുകയില്ല' എന്ന് നിരവധി സ്റ്റേജുകളിൽ പ്രസംഗിച്ച അഗസ്റ്റിൻ ഗോമോസിന്റെ അന്ത്യം അതിദാരുണമായ ഒരു അപകടത്തിലായിരുന്നു എന്ന വസ്തുത എല്ലാ പ്രോസ്പരറ്റിക്കാരും ഓർക്കുന്നതു നന്ന്.
4. ജന്മനായുള്ള വൈകല്യങ്ങളാണ് മറ്റൊരിനം. ഇത്തരം പ്രശ്നങ്ങൾ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വ്യത്യാസമില്ലാതെ ഏവർക്കുമുണ്ടാകും. അത്ഭുത രോഗശാന്തിയിലൂടെ ദൈവം സൗഖ്യമാക്കുന്നില്ല എങ്കിൽ ഈ വൈകല്യങ്ങൾ ആജീവനാന്തം നിലനിൽക്കുകയും ചെയ്യും. എന്തുകൊണ്ട് ദൈവം ചിലരെ ഇങ്ങനെ വൈകല്യമുള്ളവരായി സൃഷ്ടിക്കുന്നു എന്ന് ചോദിച്ചേക്കാം. അതിനുള്ള മറുപടി ദൈവവചനത്തിലില്ല. തടിച്ച നാവുള്ളവനായി ദൈവം മോശയെ സൃഷ്ടിച്ചു എന്നു മാത്രമല്ല ആ വൈകല്യം നീക്കിക്കൊടുത്തതുമില്ല. ഇതൊക്കെ ദൈവം തന്റെ സ്വന്തം അധികാരത്തിൽ വച്ചിട്ടുള്ള കാര്യങ്ങളാണ്. അതേപ്പറ്റി ദൈവം വിശദീകരിക്കാറില്ല.
5. ദൈവശിക്ഷ എന്ന നിലയ്ക്ക് രോഗം വരുമോ എന്നതാണ് മറ്റൊരു ചോദ്യം. തീർച്ചയായും വരും. എന്നാൽ ഇത്തരം രോഗികളെ വിശ്വാസികൾ, അവിശ്വാസികൾ എന്നിങ്ങനെ രണ്ടായി തിരിച്ചുവേണം പഠിക്കാൻ.

വിശ്വാസികളെ ദൈവം ശിക്ഷിക്കുമോ? തീർച്ചയായും ശിക്ഷിക്കും. ദൈവം വിശ്വാസികളുടെ പിതാവാണ്. അപ്പൻ ശിക്ഷിക്കാത്ത മക്കൾ എവിടെയുള്ളൂ എന്നത്രേ ബൈബിൾ ചോദിക്കുന്നത്. (എബ്രാ.12:5-11) കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. താൻ കൈക്കൊള്ളുന്ന ഏതു മകനേയും തല്ലുന്നു. ബാലശിക്ഷ എന്നാണ് ഇതിന്റെ പേര്. വിശേഷിച്ച് യാതൊരു കാരണവും കൂടാതെ തന്റെ മക്കളെ ദൈവം ശിക്ഷിക്കുകയാണ് എന്ന് കരുതരുത്. അൽപം വിശദമായി പറയേണ്ട കാര്യമാണിത്.

ഇപ്പോൾ ക്രിസ്തുവേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല എന്നു ദൈവവചനം വ്യക്തമായി പറയുന്നു (റോമ. 8:1). എങ്ങനെയാണ് വിശ്വാസികൾ ശിക്ഷാവിധിയിൽ നിന്ന് രക്ഷപ്പെട്ടത്? എല്ലാവരും പാപം ചെയ്ത് ഒന്നുപോലെ കൊള്ളരുതാത്തവരായിതീർന്നു എന്നത് ഒരു വസ്തുതയാണ്. ഒരു വ്യക്തിക്കും തന്റെ സ്വന്തം പ്രവൃത്തിയാൽ പാപമോചനം പ്രാപിക്കാനാവില്ല. കാരണം പാപത്തിന്റെ ശമ്പളം മരണമത്രേ. നീതിമാനായ ദൈവത്തിന് പാപിയെ ശിക്ഷിക്കാതിരിക്കാനാവില്ല.

ദൈവം നീതിമാനാണെങ്കിലും സ്നേഹസ്വരൂപനുമാണ്. അതുകൊണ്ട് മനുഷ്യരക്ഷക്കായി ദൈവം ഒരു പദ്ധതി തയ്യാറാക്കി. പാപരഹിതനായ ദൈവപുത്രൻ സകല മനുഷ്യവർഗ്ഗത്തിന്റെയും പാപം സ്വയം ഏറ്റെടുക്കുകയും അവരെല്ലാം അനുഭവിക്കേണ്ട മരണശിക്ഷ അനുഭവിക്കുകയും ചെയ്തു. അതുകൊണ്ട് സകല മനുഷ്യർക്കും രക്ഷപ്രാപിക്കുവാനുള്ള വഴി ദൈവം തുറന്നിട്ടിരിക്കുന്നു.

നന്മയോ തിന്മയോ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവം സകല മനുഷ്യർക്കും നൽകിയിരിക്കുകയാണ്. അതുകൊണ്ട് ദൈവം ആരേയും ബലമായി രക്ഷയിലേക്ക് കൊണ്ടുവരുന്നില്ല. രക്ഷ പ്രാപിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി യേശുവിനെ സ്വന്തം ഇഷ്ടപ്രകാരം രക്ഷിതാവായി സ്വീകരിക്കണം. ഇങ്ങനെ ഒരു വ്യക്തി യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ അന്നുവരെ അവൻ ചെയ്ത എല്ലാ പാപങ്ങളും അവന്റെ അക്കൗണ്ടിൽ നിന്ന് യേശുവിന്റെ അക്കൗണ്ടിലേക്ക് മാറുന്നു. അങ്ങനെ അവൻ പാപരഹിതനായി തീരുന്നു - വിശുദ്ധനായി തീരുന്നു. ഈ വ്യക്തി ക്രിസ്തുവേശുവിൽ വസിക്കുന്നിടത്തോളം കാലം അവന് ഒരു ശിക്ഷാവിധിയും ഉണ്ടാകുന്നതല്ല.

രക്ഷിക്കപ്പെട്ട വ്യക്തി പാപം ചെയ്താൽ അതിനു ശിക്ഷ ഉണ്ടാകില്ലേ എന്നൊരു ചോദ്യം ഇവിടെ ഉണ്ടാകുന്നു. അതിനുള്ള ഉത്തരം 1കോരി. 11:31,32 വാക്യങ്ങളിലുണ്ട്. ഈ തർജ്ജമ മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് കാര്യം ലളിതമായ ഭാഷയിൽ പറയാം: നാം നമ്മെത്തന്നെ വിധിച്ചാൽ ദൈവം നമ്മെ വിധിക്കുകയില്ല. നാം നമ്മെ വിധിക്കുന്നില്ലങ്കിൽ ദൈവം നമ്മെ വിധിക്കും. ബാലശിക്ഷ എന്നാണ് അതിന്റെ പേര്. വിശ്വാസി പാപം ചെയ്താൽ എന്താണ് ചെയ്യേണ്ടത് എന്ന് പൗലോസ് ഇവിടെ വ്യക്തമായി പറയുന്നു.

1. പാപം ചെയ്ത വിശ്വാസി ആ പാപത്തിനുള്ള പരിഹാരം സ്വയം വരുത്തണം.
2. വിശ്വാസി പാപത്തിനുള്ള പരിഹാരം വരുത്തുന്നില്ലായെങ്കിൽ ദൈവം അവന്റെ പാപത്തിന് ശിക്ഷ നൽകും.

വിശ്വാസി എങ്ങനെയാണ് സ്വന്തം പാപത്തിന് പരിഹാരം വരുത്തേണ്ടത്? പാപത്തിന്റെ ശമ്പളം മരണമത്രേ. പക്ഷേ വിശ്വാസിയുടെ പാപത്തിന്റെ ശമ്പളമായ മരണം യേശു ക്രിസ്തു അനുഭവിച്ചു കഴിഞ്ഞിരിക്കയാണ്. അതുകൊണ്ട് വിശ്വാസി ഇനി സ്വന്തം പാപങ്ങളുടെ ശമ്പളമായ മരണം അനുഭവിക്കേണ്ടതില്ല. പക്ഷേ പാപം ചെയ്യുന്നത് വിശ്വാസിയാണ് എന്ന കാരണത്താൽ പാപം പാപമല്ലാതാകുന്നില്ല. പാപത്തിന് ശിക്ഷയില്ലാതെ വരുന്നുമില്ല. പാപങ്ങൾക്ക് വിശ്വാസി സ്വയം പരിഹാരം ഉണ്ടാക്കുകയാണെങ്കിൽ ദൈവം അവനെ ശിക്ഷിക്കേണ്ടതായി വരികയില്ല. വിശ്വാസി സ്വന്തം പാപം മറച്ചുവച്ച് ജീവിച്ചാൽ ദൈവം ശിക്ഷിക്കേണ്ടതായി വരുന്നു.

വിശ്വാസി ചെയ്ത പാപം ദൈവം ഒഴികെ മറ്റാരും അറിഞ്ഞിട്ടില്ലെങ്കിൽ ആ പാപം ദൈവത്തോടുമാത്രം ഏറ്റുപറഞ്ഞാൽ മതിയാകും. മറ്റുള്ളവർ അറിഞ്ഞ പാപം രഹസ്യമായി ദൈവത്തോട് ഏറ്റുപറഞ്ഞതുകൊണ്ട് ഫലമില്ല. അത്തരം പാപങ്ങൾ പരസ്യമായി ഏറ്റു പറയണം. നാം ചെയ്ത പാപം മൂലം ആർക്കെങ്കിലും ദോഷമുണ്ടായിട്ടുണ്ടെങ്കിൽ അതിന് ഉചിതമായ പരിഹാരം വരുത്തുകയും വേണം. വിശദീകരിക്കാം.

ഒരു വിശ്വാസി അതീവ രഹസ്യമായി മദ്യപിച്ചെങ്കിൽ അത് ദൈവത്തോട് ഏറ്റുപറയുകയും ഇനി ഒരിക്കലും ആ തെറ്റ് ആവർത്തിക്കുകയില്ലാ എന്ന് തീരുമാനിക്കുകയും ചെയ്യണം. എന്നാൽ ആ വിശ്വാസി മദ്യപിച്ച് ബഹളമുണ്ടാക്കിയെങ്കിൽ ആ പാപം പൊതുജനം അറിഞ്ഞുകഴിഞ്ഞു. അതു രഹസ്യമായി ഏറ്റുപറഞ്ഞതുകൊണ്ട് ഫലമില്ല. മദ്യപിച്ച് ബഹളമുണ്ടാക്കിയ സ്ഥലത്ത് ചെന്ന് ആ ദേശത്തുള്ളവരോട് പരസ്യമായി ക്ഷമപറയണം. കൂടാതെ സഭയിലും തെറ്റ് ഏറ്റുപറയണം. സഭ എന്തെങ്കിലും ശിക്ഷ വിധിച്ചാൽ എതിർപ്പൊന്നും കൂടാതെ അതും സ്വീകരിക്കണം. മദ്യപിച്ച് ബഹളമുണ്ടാക്കിയപ്പോൾ മറ്റുള്ളവരുടെ വസ്തുവകകൾ തല്ലിത്തകർത്തെങ്കിൽ അതിന് നഷ്ടപരിഹാരം കൊടുക്കുകയും വേണം. ഇങ്ങനെയാണ് വിശ്വാസി സ്വന്തം പാപങ്ങൾക്ക് പരിഹാരം വരുത്തേണ്ടത്. സഭാനേതാക്കന്മാരുടെ പാപങ്ങളെ ഡിഫെൻഡർ വിമർശിക്കുമ്പോൾ പലരും പറയുന്ന ഒരു ന്യായമുണ്ട്: അവർ ദൈവത്തോട് പാപം ഏറ്റുപറയുകയും ദൈവം അവരോട് ക്ഷമിക്കുകയും ചെയ്തിരിക്കും. ദൈവം ക്ഷമിച്ച അത്തരം പാപങ്ങൾക്കെതിരെ ഡിഫെൻഡർ എഴുതുന്നത് ശരിയല്ല. നാം കണ്ടുകഴിഞ്ഞതുപോലെ, പരസ്യമായ പാപങ്ങൾ ദൈവത്തോട് രഹസ്യമായി ഏറ്റുപറഞ്ഞ് പാപമോചനം പ്രാപിക്കാനാവില്ല. ദാവീദ് ചെയ്തതുപോലെ പാപം പരസ്യമായി തന്നെ ഏറ്റു പറയണം. പാപമേ ചെയ്തിട്ടില്ല എന്ന് വാദിക്കുന്ന കെ.സി.ജോണിനേ പോലുള്ളവരോട് ദൈവം ക്ഷമിച്ചിട്ടുണ്ട് എന്നു പറയുന്നവർ ദയവായി അത് ഊള്ളംപാറയിൽ ചെന്നു പറയുക.

വിശ്വാസി ചെയ്യുന്ന പാപങ്ങൾ ഇപ്രകാരം ഏറ്റുപറയുന്നില്ലെങ്കിൽ ദൈവം അവനെ ശിക്ഷിക്കും. ബാലശിക്ഷ എന്നാണ് അതിനെ വിളിക്കുന്നത്. ബലഹീനത, രോഗം, മരണം തുടങ്ങിയതൊക്കെ ബാലശിക്ഷയുടെ പരിധിയിൽ വരുന്നു എന്നാണ് പൗലോസ് പറയുന്നത്. എന്നാൽ രക്ഷിക്കപ്പെടാതെ സഭയിൽ എത്തിയവർ, പിൻമാറ്റക്കാർ തുടങ്ങിയ കൗലടേയന്മാർക്കും രക്ഷിപ്പെടാത്തവർക്കും ദൈവം വളരെ അപൂർവ്വമായി മാത്രമേ ഈ ലോകത്തിൽ വച്ച് ശിക്ഷ നൽകാറുള്ളൂ. ഒരു തെറ്റിന് രണ്ടുവട്ടം ശിക്ഷിക്കാനാവില്ല. ഇവിടെ വച്ച് ശിക്ഷ നൽകിയാൽ അന്ത്യന്യായവിധിയിൽ ഇവരെ ശിക്ഷിക്കാനാവില്ല. കെ.സി.ജോണിനെ പോലുള്ള മഹാപാപികൾക്ക് ശിക്ഷ ലഭിക്കാത്തതിന്റെ കാരണം ഇതു തന്നെ.

6. വിശ്വാസത്തിന്റെ ശോധന എന്ന നിലയ്ക്ക് വിശ്വാസിക്ക് രോഗങ്ങളോ മറ്റു കഷ്ടതകളോ ഉണ്ടാകാം. ദൈവം ആരേയും പരീക്ഷിക്കുന്നില്ല. എന്നാൽ ദൈവത്തിന്റെ അനുവാദത്തോടെ സാത്താൻ പരീക്ഷിക്കും. ഇയ്യോബിന്റെ അനുഭവം ഉദാഹരണമായി എടുക്കാം. പരീക്ഷയുടെ കാലാവധി കഴിയുമ്പോൾ രോഗവും മാറും. പരിക്ഷിക്കപ്പെടുന്ന വ്യക്തി താൻ പരീക്ഷിക്കപ്പെടുകയാണ് എന്ന് മനസ്സിലാക്കാറില്ല എന്നതാണ് ശ്രദ്ധേയമായ വസ്തുത. വിശ്വാസിക്ക് രോഗം വരില്ല എന്ന വാദം ദൈവ വചന വെളിച്ചത്തിൽ ശരിയല്ല എന്ന് ഈ വസ്തുതകൾ തെളിയിക്കുന്നു.

## എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ
## കോപ്പിയടി അസാധ്യമാക്കൂ

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 9447414608**

## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

"മരിച്ചവർ എവിടെ" എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:
**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542.**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan